**പതിമൂന്നാം കേരള നിയമസഭ**

**(THIRTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്റ്റ് കമ്മിറ്റി VIII
# (SUBJECT COMMITTEE VIII)

## സാമ്പത്തിക കാര്യങ്ങൾ

**(ECONOMIC AFFAIRS)**

## പീരിയോഡിക്കൽ റിപ്പോർട്ട്

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

2013 ................................ാം തീയതി സമർപ്പിച്ചത്

(Presented on ..............................., 2013)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2013

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി VIII

**(SUBJECT COMMITTEE VIII)**

സാമ്പത്തിക കാര്യങ്ങൾ

(ECONOMIC AFFAIRS)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2013 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH 2013)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

717/2013.

# <u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 13 |

## സബ്ജക്റ്റ് കമ്മിറ്റി VIII

## സാമ്പത്തിക കാര്യങ്ങൾ

(2011-2013)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. എം. മാണി,
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി

എക്സ്-ഒഫീഷ്യോ അംഗങ്ങൾ:

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി

ശ്രീ. അനൂപ് ജേക്കബ്,
ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി

,, വി. ചെന്താമരാക്ഷൻ

,, കോവൂർ കുഞ്ഞുമോൻ

,, മുല്ലക്കര രത്നാകരൻ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. വി. ഡി. സതീശൻ

ഡോ. ടി. എം. തോമസ് ഐസക്

ശ്രീ. എം. പി. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി

,, തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ 2011-13 കാലയളവിലേക്കുള്ള സമിതി 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31-ാം തീയതി വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെ സമിതി 11 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും 2 യോഗങ്ങൾ കരട് ചട്ടങ്ങൾ, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ എന്നിവ യുടെ പരിഗണനയ്ക്ക് വേണ്ടിയും ഒരു യോഗം മദ്യാസക്തിക്കെതിരായ പ്രചരണം സംബന്ധിച്ചും 5 യോഗങ്ങൾ ബില്ലുകൾ പരിഗണിക്കുന്നതിനും വേണ്ടിയുമായിരുന്നു. ഈ യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർ നില 50 ശതമാനമായിരുന്നു.

മൂന്ന് ഭാഗങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിവരങ്ങളും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും കൂടാതെ 2011-12 വർഷത്തെ സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2012 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 2011-12-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് എന്നിവയെക്കുറിച്ചുള്ള വിവരങ്ങളുമാണ് ഒന്നാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും ചട്ടം 236(6) പ്രകാരമുള്ള സമയപരിധി കഴിഞ്ഞ് ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളും രണ്ടാം അദ്ധ്യായത്തിലും സമിതി പരിശോധിച്ച ബില്ലുകൾ, കരടു ചട്ടങ്ങൾ, എസ്.ആർ.ഒ. ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ മൂന്നാം അദ്ധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗ നടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2013 മേയ് 15-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. എം. മാണി,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

തിരുവനന്തപുരം,
2013 മേയ് 15.

# റിപ്പോർട്ട്

## അദ്ധ്യായം I

(എ) സബ്ജക്റ്റ് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ) 18-4-2012, 24-4-2012 തീയതികളിൽ യോഗം ചേർന്ന് 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുകയും പ്രസ്തുത ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് 9-5-2012-ലെ യോഗത്തിൽ അംഗീകരിക്കുകയും 11-6-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

ധനാഭ്യർത്ഥന നമ്പർ V —കാർഷികാദായ നികുതിയും വിൽപ്പന നികുതിയും

ധനാഭ്യർത്ഥന നമ്പർ VII —മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

ധനാഭ്യർത്ഥന നമ്പർ VIII —എക്സൈസ്

ധനാഭ്യർത്ഥന നമ്പർ X —ട്രഷറികളും അക്കൗണ്ടുകളും

ധനാഭ്യർത്ഥന നമ്പർ XI —ജില്ലാ ഭരണവും പലവകയും

ധനാഭ്യർത്ഥന നമ്പർ XIV —സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും

ധനാഭ്യർത്ഥന നമ്പർ XVI —പെൻഷനും പലവകയും

ധനാഭ്യർത്ഥന നമ്പർ XXVIII —പലവക സാമ്പത്തിക സർവ്വീസുകൾ

ധനാഭ്യർത്ഥന നമ്പർ XLIII —നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും

ധനാഭ്യർത്ഥന നമ്പർ XLV —പലവക വായ്പകളും മുൻകൂറുകളും

ധനാഭ്യർത്ഥന നമ്പർ XLVI —സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

(ബി) 2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള സമിതിയുടെ പീരിയോഡിക്കൽ റിപ്പോർട്ട് 9-5-2012-ലെ സമിതിയോഗം അംഗീകരിക്കുകയും 4-7-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് 9-7-2012-ലെ സമിതിയോഗം അംഗീകരിക്കുകയും 24-7-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം ഇല്ലായ്മ ചെയ്യുന്നതിന് ആഭ്യന്തരം, നികുതി, എക്സൈസ്, വനം-വന്യജീവി, വിദ്യാഭ്യാസം, ആരോഗ്യകുടുംബക്ഷേമം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ 27-11-2012-ൽ ചേർന്ന യോഗം വിശദമായി ചർച്ചചെയ്യുകയും മദ്യാസക്തിക്കെതിരായ പ്രചരണം സംബന്ധിച്ച് പഠനം നടത്താൻ തീരുമാനിക്കുകയും ചെയ്തു.

(യോഗനടപടിക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)

**(ഇ) വിവിധ സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ സമിതിയുടെ ശിപാർശകളും അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽനിന്നും ലഭിച്ച മറുപടികളും:**

(9-7-2012, 7-11-2012 തീയതികളിലെ യോഗനടപടിക്കുറിപ്പിനെ അടിസ്ഥാനമാക്കിയുള്ളത്.)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-08)

ശിപാർശ

സർക്കാർ നിയന്ത്രണത്തിൽ വിമാനം പറപ്പിക്കൽ പരിശീലനം നൽകുന്ന കേരളത്തിലെ ഏക സ്ഥാപനമായ രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി 2005-06 വർഷത്തിൽ വിമാനം വാങ്ങുന്നതിലേക്കായി സംസ്ഥാന സർക്കാർ അനുവദിച്ച പദ്ധതി വിഹിതമായ 200 ലക്ഷം രൂപ ഉപയോഗിച്ച് 2 സെസ്ന 172 ആർ വിമാനം വാങ്ങുകയുണ്ടായി എന്നും അവയിൽ ഒന്ന് അടുത്തുതന്നെ തിരുവനന്തപുരത്ത് എത്തുമെന്നും ഇതിന് അവശ്യം വേണ്ട ഒരു ചീഫ് ഫ്ളൈറ്റ് ഇൻസ്ട്രക്ടറെ നിയമിക്കുന്ന കാര്യം ഉടൻ തീരുമാനമാകുമെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. പൈലറ്റ് ട്രെയിനികളുടെ തിയറി പരിശീലനത്തിനുവേണ്ടിയുള്ള ഗ്രൗണ്ട് സ്കൂൾ സ്ഥാപിക്കുന്നതിനും അനുബന്ധ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി ലഭിക്കേണ്ടതുണ്ട്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ ചാക്ക ഭാഗത്തുള്ള ഇന്റർനാഷണൽ ടെർമിനലിന്റെ പണി ദ്രുതഗതിയിൽ നടക്കുന്നതിനാൽ അക്കാദമിയുടെ ഓഫീസും, ഹാംഗറും, ഫ്യൂവൽ സ്റ്റോറേജും ചാക്ക ഭാഗത്തുനിന്നും വള്ളക്കടവു ഭാഗത്തേക്ക് അടിയന്തരമായി മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിന് ആവശ്യമായ തുക അനുവദിക്കുന്നതിനായി ഇതു സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനകാര്യവകുപ്പിന് നൽകാൻ സമിതി നിർദ്ദേശിച്ചു. അതനുസരിച്ച് പ്രവർത്തനം തുടങ്ങുന്നതിന് ആവശ്യമായ തുക അടിയന്തരമായി അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സർക്കാർ സ്വീകരിച്ച നടപടി

കേരള സർക്കാരിന്റെ കീഴിലുള്ള വൈമാനിക പരിശീലന സ്ഥാപനമായ രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി 2005-06 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ച പദ്ധതിവിഹിതമായ 200 ലക്ഷം രൂപ ഉപയോഗിച്ച് 2 സെസ്ന 172 ആർ വിമാനങ്ങൾ വാങ്ങുകയുണ്ടായി. അക്കാദമിയിൽ ചീഫ് ഫ്ളൈറ്റ് ഇൻസ്ട്രക്ടറെ നിയമിക്കുകയും ഗ്രൗണ്ട് സ്കൂൾ തുടങ്ങുകയും ഒരു ചീഫ് ഗ്രൗണ്ട് ഇൻസ്ട്രക്ടറുടെയും 4 ഗ്രൗണ്ട് ഇൻസ്ട്രക്ടർമാരുടെയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി അക്കാദമിക്ക് ഹാംഗർ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും, 2008-09 സാമ്പത്തികവർഷം 1 കോടി രൂപ അക്കാദമിക്ക്

നൽകുകയും ചെയ്തിട്ടുണ്ട്. അക്കാദമിക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിനായി 2.71 ഏക്കർ സ്ഥലം പേട്ട, കടകംപള്ളി വില്ലേജുകളിലായി 30 വർഷത്തെ പാട്ട വ്യവസ്ഥയിൽ അക്കാദമിക്ക് നൽകിയിട്ടുമുണ്ട്. ഓഫീസ് കെട്ടിടം ഹാംഗർ, ഫ്യൂവൽ സ്റ്റോറേജ് എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

(റഫറൻസ് നമ്പർ 3320/എ1/2011/കാ.യു.വ. തീയതി 18-10-2011)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

### ശിപാർശ

വാണിജ്യനികുതി ചെക്ക് പോസ്റ്റുകളിലെ കാലപ്പഴക്കംചെന്ന സംവിധാനങ്ങൾ പാടെ മാറ്റി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനും അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള അഴിമതിരഹിത വാളയാർ പദ്ധതി, വാണിജ്യനികുതി, മോട്ടോർവാഹനം, മൃഗസംരക്ഷണം, എക്സൈസ്, വനം, പോലീസ് തുടങ്ങിയ എല്ലാ വകുപ്പുകളുടെയും ചെക്ക് പോസ്റ്റുകൾ ഒരു കുടക്കീഴിൽകൊണ്ടുവന്ന് പരിശോധന കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും ചെക്ക് പോസ്റ്റ് ജീവനക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അവരുടെ സേവനം കാര്യക്ഷമമാക്കുന്നതിനും വേണ്ടിയുള്ള സംയോജിത ചെക്ക്പോസ്റ്റ് പദ്ധതി, ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന കാര്യക്ഷമമാക്കുന്നതിന് സ്കാനർ സ്ഥാപിക്കൽ, ചെക്ക് പോസ്റ്റ് നവീകരണം അതിർത്തി പ്രദേശത്തെ 9 ചെക്ക് പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ ആധുനിക വെയ്ബ്രിഡ്ജ് സ്ഥാപിക്കൽ, അർഹതപ്പെട്ട വ്യാപാരികൾക്ക് പൗരാവകാശരേഖ നൽകൽ, അഴിമതിരഹിത മഞ്ചേശ്വരം ചെക്ക്പോസ്റ്റ് പദ്ധതി, ചെക്ക് പോസ്റ്റുകളിലെ കമ്പ്യൂട്ടർവൽക്കരണം തുടങ്ങി ഒട്ടനവധി വികസന പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ നടന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ടി നവീകരണ പ്രവർത്തനങ്ങൾക്കായി 2008-09 സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ചെക്ക് പോസ്റ്റ് നവീകരണ പ്രവർത്തനങ്ങൾക്കും ആധുനികവൽക്കരണങ്ങൾക്കും അനുബന്ധ ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി മതിയായ തുക 2008-09 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു പുതിയ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സർക്കാർ സ്വീകരിച്ച നടപടി

ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ചെക്ക്പോസ്റ്റ് നവീകരണ പ്രവർത്തനങ്ങൾക്കും, ആധുനികവൽക്കരണങ്ങൾക്കും, അനുബന്ധ ആഫീസ് കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾക്കുമായി വിഷയ നിർണ്ണയകമ്മിറ്റി ശിപാർശപ്രകാരമുള്ള അധികതുക അനുവദിച്ചതായി കാണുന്നില്ല. എന്നാൽ വകുപ്പിൽ നിന്നാവശ്യപ്പെട്ട പ്രകാരം വിവിധ ശീർഷകങ്ങളിൽ തുക അനുവദിക്കുകയും ആയത് റെഗുലറൈസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശിപാർശ

ജീവനക്കാരുടെ കുറവുമൂലം ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ കഴിയാതെ വരുന്നതായും ഇതുമൂലം വാഹന പരിശോധനകൾക്ക് കാലതാമസം നേരിടുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ജീവനക്കാർ കുറവുള്ള ചെക്ക് പോസ്റ്റുകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് മതിയായ ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

ചെക്ക് പോസ്റ്റുകളിലെ ജീവനക്കാരുടെ കുറവു നികത്തുന്നതിനുവേണ്ടി ഡിപ്പാർട്ടുമെന്റിലുള്ള 100 യു.ഡി.ക്ലാർക്കുമാരെ 18-3-2010 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(എംഎസ്.)59/10/ടി.ഡി.പ്രകാരം അപ്ഗ്രേഡ് ചെയ്ത് ഇൻസ്പെക്ടർമാരാക്കുകയും, കൂടാതെ വാളയാർ ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി 36 ഇൻസ്പെക്ടർമാരുടെയും 6 എൽ.ഡി.ക്ലാർക്കുമാരുടെയും 45 ഓഫീസ് അറ്റൻഡന്റ് (പ്യൂൺ)മാരുടെയും തസ്തിക 28-6-2008-ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(എംഎസ്.) 128/08/നി.വ.പ്രകാരം പുതിയ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുകയും ഉണ്ടായി.

തുടർന്ന് സംസ്ഥാനത്തെ 33 താൽക്കാലിക ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിലേക്കായി 136 ഓഫീസ് അറ്റൻഡന്റുമാരുടെ (പ്യൂൺ) പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ടി 31-10-2012-ാം തീയതിയിൽ വാണിജ്യനികുതി കമ്മീഷണറേറ്റിൽനിന്നും ലഭിച്ച ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

ശിപാർശ

കേരള കാർഷികാദായ നികുതി വിൽപ്പന നികുതി അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ചെലവിലേക്കായി 2008-09 സാമ്പത്തിക വർഷത്തേക്ക് അനുവദിച്ച തുക 2,42,52,000 രൂപ മാത്രമാണെന്നും മെമ്പർമാരായി നിയമിച്ചിട്ടുള്ള നീതിന്യായ വകുപ്പിലെ ജില്ലാ ജഡ്ജിമാർക്ക് സ്ഥലം മാറ്റബത്ത കൊടുക്കേണ്ടതിനാലും ട്രൈബ്യൂണലിന്റെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 4 ബഞ്ചുകളുടെ പ്രതിമാസ വാടകയിനത്തിൽ ഗണ്യമായ തുക ചെലവുള്ളതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ആവശ്യത്തിലേക്കായി മതിയായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

2/2009-ലെ ഉപധനാഭ്യർത്ഥനയിൽ 2040-00-101-98-04(2) എന്ന ശീർഷകത്തിൽ സ്ഥലംമാറ്റ യാത്രാബത്തയ്ക്ക് അധികമായി അനുവദിച്ച 1.12 ലക്ഷം രൂപ വിനിയോഗിക്കാൻ കഴിഞ്ഞില്ലായെന്നുള്ള വിവരം അറിയിക്കുന്നു.

ശിപാർശ

2008-09 വർഷത്തിൽ നിർവ്വഹിക്കേണ്ട ഗവേഷണ, പരിശീലന, പ്രചരണ പരിപാടികൾക്കും വാണിജ്യ നികുതി വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള ട്രെയിനിംഗ്, പബ്ലിക്കേഷൻ മുതലായവയ്ക്കുമായി 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക-5)

സർക്കാർ സ്വീകരിച്ച നടപടി

വാണിജ്യനികുതി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ്, പബ്ലിക്കേഷൻ മുതലായ വയ്ക്കായി സമിതി ശിപാർശ ചെയ്തപ്രകാരം 2008-09 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

(റഫ.നം.18292/ഡി1/2008/നിവ. തീയതി 6-11-2012; ഖണ്ഡികകൾ 1, 2, 3, 5)

(എഫ്) **ചട്ടം 236(6) പ്രകാരം ലഭിച്ച ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ**

| *ക്രമ നമ്പർ* | *ധനാഭ്യർത്ഥന നമ്പർ* | *അക്കൗണ്ട് ഹെഡ്* | *റഫ. നമ്പരും തീയതിയും* | *സഭയിൽ സമർപ്പിച്ച തീയതി* |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | V-കാർഷികാദായ നികുതിയും വിൽപന നികുതിയും | 2045-ക്രയവസ്തുക്കളിലും സേവനങ്ങളിലും ചുമത്തുന്ന മറ്റ് നികുതികളും ചുങ്കങ്ങളും-ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 4465/എ3/12/ഊ.വ. തീയതി 13-7-2012 | 23-7-2012 |
| 2 | X-ട്രഷറിയും അക്കൗണ്ടുകളും | 2054-ട്രഷറികളുടെയും അക്കൗണ്ടുകളുടെയും ഭരണം (ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്) | 102284/പി.എ.സി./എ3/11/ധന. തീയതി 28-6-2012 | 23-7-2012 |
| 3 | XI-ജില്ലാഭരണവും പലവകയും | 2047-നികുതി സംബന്ധമായ മറ്റ് സർവ്വീസുകൾ | 102284/പി.എ.സി./എ3/11/ധന. തീയതി 28-6-2013 | 23-7-2012 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2070-മറ്റ് ഭരണപരമായ സർവ്വീസുകൾ | 46524/എസ്.ഡി.3/ പൊ.ഭ.വ. തീയതി 23-6-2012 | 28-6-2012 |
| | | -ഐഎഎസ് പ്രൊബേഷണർമാരുടെ പരിശീലനം | 46518/സ്പെഷ്യൽ. എ2/2012/പൊ.ഭ.വ. തീയതി 23-6-2012 | 28.06.2012 |
| | | -സ്റ്റേറ്റ് ലോട്ടറീസ് | 9263/എച്ച്1/12/ നി.വ. തീയതി 30-6-2012 | 23.07.2012 |
| 5 | XVI-പെൻഷനും പലവകയും | 2071-പെൻഷനും മറ്റ് സേവനവിരാമ ആനുകൂല്യങ്ങളും | 102284/പി.എ.സി. എ3/11/ധന. തീയതി 28-6-2012 | 23-7-2012 |
| | | 2075-പലവക പൊതുസർവ്വീസുകൾ-ജീവൻ രക്ഷാ പതക്കം | 50459/എസ്.എസ്.1/ 2012/പൊ.ഭ.വ. തീയതി 23-6-2012 | 23-7-2012 |
| 6 | XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 2235-മറ്റ് ഇൻഷ്വറൻസ് പദ്ധതികൾ | 102284/പി.എ.സി. എ3/11/ധന. തീയതി 28-6-2012 | 23-7-2012 |
| 7 | XXVIII-പലവകസാമ്പത്തിക സർവ്വീസുകൾ | 3454-സെൻസസ് സർവ്വെയും സ്ഥിതി വിവരക്കണക്കുകളും | 6790/ബി3/12/ പ്ലാനിംഗ് തീയതി 8-6-2012 | 28-6-2012 |
| 8 | XLV-പലവക വായ്പകളും മുൻകൂറുകളും | 7610-സർക്കാർ ജീവനക്കാർക്കും മറ്റുമുള്ള വായ്പകൾ | 102284/പി.എ.സി.എ3/ 11/ധന. തീയതി 28-6-2012 | 23-7-2012 |
| | | | 46521/സ്പെഷ്യൽ സി2/2012/പൊ.ഭ.വ. തീയതി 14-6-2012 | 28-6-2012 |
| 9 | VII-മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 2030-മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 9185/ഇ3/2012/നി.വ. തീയതി 16-7-2012 | 24-7-2012 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | VIII-എക്സൈസ് | 2039-സംസ്ഥാന എക്സൈസ് | 9207/എഫ്3/2012/ നി.വ. തീയതി 26-5-2012 | 28-6-2012 |

## അദ്ധ്യായം II

**(എ) ചട്ടം 236(5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച സ്റ്റേറ്റ്മെന്റുകൾ**

### ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

#### ശിപാർശ

വകുപ്പ് പുനഃസംഘടന, വാളയാർ മിഷൻ, അഴിമതിരഹിത അമരവിള ചെക്ക് പോസ്റ്റ് നവീകരണം, കുടുംബശ്രീ വിഹിതം, പരസ്യച്ചെലവുകൾ എന്നീ അധിക ചെലവുകൾ മുന്നിൽക്കണ്ട് പത്ത് കോടി രൂപ അനുവദിക്കണമെന്ന് വകുപ്പ് ആവശ്യപ്പെട്ടുവെങ്കിലും 2010-11 സാമ്പത്തിക വർഷത്തേക്ക് വകയിരുത്തിയ മൂന്ന് കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ, വകുപ്പ് പുനഃസംഘടനയ്ക്കും ചെക്ക് പോസ്റ്റ് നവീകരണപ്രവർത്തനങ്ങൾക്കും ആധുനികവൽക്കരണത്തിനും ഏഴ് കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

#### സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തികവർഷത്തേക്ക് ടി ശീർഷകത്തിൽ വകയിരുത്തിയ മൂന്ന് കോടി രൂപ അപര്യാപ്തമായതിനെത്തുടർന്ന് സമിതി ശിപാർശ പരിഗണിച്ച് 28-10-2010-ലെ ജി.ഒ. (ആർടി.) നമ്പർ 7820/2010/ഫിൻ. ഉത്തരവ് പ്രകാരം 2,00,00,000 രൂപയും, 21-12-2010-ലെ ജി.ഒ. (ആർടി.) നമ്പർ 9121/2010/ഫിൻ. ഉത്തരവ് പ്രകാരം 51,60,000 രൂപയും 24-1-2011-ലെ ജി.ഒ. (ആർടി.) നമ്പർ 519/2011/ഫിൻ. ഉത്തരവ് പ്രകാരം 1,79,11,000 രൂപയും അധികമായി വകയിരുത്തിയത് ഉൾപ്പെടെ ആകെ 7,30,71,000 രൂപ വകയിരുത്തിയിരുന്നു.

ഇതിൽ 6,83,68,000 രൂപ ചെലവാക്കുകയും 8,05,000 രൂപ 2040-00-101-99-എം.ആർ.ഐ., 2040-00-101-97-02-വേജസ് എന്നീ ശീർഷകങ്ങളിലേക്ക് റീ-അപ്രോപ്രിയേഷൻ ചെയ്യുകയും ബാക്കി തുകയായ 38,98,000 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

#### ശിപാർശ

2009-10 വർഷത്തിൽ ഈ ശീർഷകത്തിൽ 1 കോടി 18 ലക്ഷം രൂപ അനുവദിച്ചിരുന്നെങ്കിലും വളരെയധികം വാടക കുടിശ്ശിക കേസുകൾ സർക്കാരിൽനിന്നും തീർപ്പായി വന്നതിനാൽ 40 ലക്ഷത്തിലധികം രൂപ അധികമായി കണ്ടെത്തേണ്ടിവന്ന സാഹചര്യത്തിൽ നടപ്പുസാമ്പത്തികവർഷത്തിൽ അനുവദിച്ച 1.30 കോടി രൂപ അപര്യാപ്തമാണ്. ആയതിനാൽ, ഈ ഇനത്തിൽ മതിയായ തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സർക്കാർ സ്വീകരിച്ച നടപടി

മേൽ ശീർഷകത്തിൽ വകയിരുത്തിയ 1,30,00,000 രൂപ അപര്യാപ്തമായതിനെത്തുടർന്ന് 24-1-2011-ലെ ജി.ഒ. (ആർടി.) നമ്പർ 519/2011/ഫിൻ. ഉത്തരവ് പ്രകാരം 14,14,000 രൂപ കൂടി അധികമായി വകയിരുത്തിയിരുന്നു. ഇതിൽ 1,39,31,000 രൂപ ചെലവാക്കുകയും ബാക്കി തുകയായ 4,83,000 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

ശിപാർശ

വർദ്ധിച്ച വൈദ്യുത ഉപഭോഗത്തിന്റെ ഫലമായി 2010-11 സാമ്പത്തിക വർഷത്തേക്ക് 1,15,00,000 രൂപ ഈ ശീർഷകത്തിൽ വകുപ്പ് ആവശ്യപ്പെട്ടിരുന്നെങ്കിലും 98,50,000 രൂപ മാത്രമേ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ, ടി ആവശ്യത്തിലേക്കായി 16,50,000 രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സർക്കാർ സ്വീകരിച്ച നടപടി

ടി ശീർഷകത്തിൽ വകയിരുത്തിയ 98,50,000 രൂപ അപര്യാപ്തമായതിനാൽ 21-12-2010-ലെ ജി.ഒ.(ആർടി.) നമ്പർ 9121/2010/ഫിൻ. ഉത്തരവ് പ്രകാരം 10,00,000, 24-1-2011-ലെ ജി.ഒ. (ആർടി.) നമ്പർ 519/2010/ഫിൻ. ഉത്തരവ് പ്രകാരം 10,00,000 രൂപയും അധികമായി വകയിരുത്തിയത് ഉൾപ്പെടെ ആകെ 1,18,50,000 രൂപ വകയിരുത്തിയിരുന്നു. ഇതിൽ 1,15,49,000 രൂപ ചെലവാക്കുകയും ബാക്കി തുകയായ 3,01,000 രൂപ സറണ്ടർ ചെയ്യുകയും ചെയ്തു.

(റഫ. നമ്പർ 17784/ഡി1/2012/നി.വ. തീയതി 5-6-2012; ഖണ്ഡികകൾ 1, 2, 3)

ശിപാർശ

2010-11 സാമ്പത്തികവർഷം നിർവ്വഹിക്കേണ്ട ഗവേഷണ, പരിശീലന പ്രചരണ പരിപാടികൾക്കും പ്രസിദ്ധീകരണം മുതലായവയ്ക്കും സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസിന് പദ്ധതിയിതരയിനത്തിൽ അനുവദിച്ചിട്ടുള്ള 60.5 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 49.5 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സർക്കാർ സ്വീകരിച്ച നടപടി

2010-11 സാമ്പത്തികവർഷം ഗിഫ്റ്റിനുള്ള ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് വ്യക്തമായ ന്യായീകരണം ഇല്ലാത്തതിനാൽ ടി ശിപാർശ ഉപധനാഭ്യർത്ഥനയിൽ വയ്ക്കുവാൻ കഴിഞ്ഞില്ല.

(റഫ. നമ്പർ 7471/സി3/2012/നി.വ. തീയതി 7-7-2012)

ഡിലേ സ്റ്റേറ്റ്മെന്റ് 11-7-2012-ന് സഭയിൽ സമർപ്പിച്ചു.

റഫ. നമ്പർ 7471/സി3/12/നി.വ. തീയതി 7-7-2012

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

ശിപാർശ

സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പിലാക്കുന്നതിനായി കോടതിയിൽ കെട്ടിവയ്ക്കുന്നതിനുള്ള തുക ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുനൽകുന്നതിലേക്ക് 2011-12 വർഷത്തിൽ 10 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ലാന്റ് അക്വിസിഷനുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനാലും സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടുള്ള കേന്ദ്ര സർക്കാരിന്റെ പുതിയ നിബന്ധനകളുടെ അടിസ്ഥാനത്തിലും ഈ ഇനത്തിൽ വൻതുക ചെലവുവരുമെന്നതിനാൽ 205 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

സർക്കാർ വകുപ്പുകൾക്കുവേണ്ടി സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നത് സംബന്ധിച്ച കേസുകളിൽ വിധി നടപ്പാക്കുന്നതിനായി കോടതിയിൽ തുക കെട്ടിവയ്ക്കുന്നതിന് 2075-800-54 എന്ന ശീർഷകത്തിൽ 10 കോടി രൂപയാണ് 2011-12 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 205 കോടി രൂപ അധികമായി അനുവദിക്കണമെന്ന് വിഷയനിർണ്ണയസമിതി ശിപാർശ ചെയ്തിരുന്നു. 2011-12 വർഷത്തിൽ സപ്ലിമെന്ററി ഡിമാന്റ്സ് ഓഫ് ഗ്രാന്റിൽ ഉൾപ്പെടുത്തി 12,93,53,000 രൂപ കൂടി ധനകാര്യവകുപ്പ് അധികമായി അനുവദിച്ചു നൽകുകയുണ്ടായി. പ്രസ്തുത തുക മുഴുവൻ വിവിധ എൽ.എ.ആർ. കേസുകൾക്കായി കളക്ടർമാർക്ക് അനുവദിച്ചു നൽകുകയുണ്ടായി.

(റഫ. നമ്പർ 41513/ബി3/2012/റവ. തീയതി 26-7-2012)

ഡിലേ സ്റ്റേറ്റ്മെന്റ് 21-3-2012-ന് സഭയിൽ സമർപ്പിച്ചു.

റഫ. നമ്പർ 41513/ബി3/12/റ.വ. തീയതി 14-3-2013

**(ബി) ചട്ടം 236(6) പ്രകാരമുള്ള സമയപരിധിക്കുശേഷം ലഭിച്ച ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ**

1. പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ട രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ 2011-12 വർഷത്തെ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചതുസംബന്ധിച്ച ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് 18-12-2012-ന് സഭയിൽ സമർപ്പിച്ചു.

   (റഫ. നമ്പർ 3666/എ1/2012/കാ.യു.വ. തീയതി 8-10-2012)

2. നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയിൽ ഉൾപ്പെട്ട 3604-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുമുള്ള നഷ്ടപരിഹാരവും അവകാശ

കൈമാറ്റങ്ങളും എന്ന ശീർഷകത്തിൽ ധനകാര്യവകുപ്പിന്റെ കീഴിൽവരുന്ന 2010-11-ൽ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ട് 18-12-2012-ലും (റഫ. നമ്പർ 71268/ ബ.വി.ജെ.1/12/ധന. തീയതി 7-11-2012), 2011-12-ൽ ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ട് 7-2-2013-ലും സഭയിൽ സമർപ്പിച്ചു.

(റഫ. നമ്പർ 105207/ബ.വി.ജെ.1/2012/ധന. തീയതി 31-1-2013)

## അദ്ധ്യായം III

**എ. ബില്ലുകളുടെ പരിശോധന**

(1) 2012-ലെ കേരള ധനകാര്യബിൽ 12-7-2012-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും 13-7-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) 2012-ലെ കേരള അമിതപലിശ ഈടാക്കൽ നിരോധനബിൽ 11-12-2012-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും, സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും 12-12-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(3) 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ 13-12-2012-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 14-12-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(4) 2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ 11-2-2013-ലെ യോഗം ഭേദഗതി കൂടാതെ അംഗീകരിക്കുകയും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 13-2-2013-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(5) 2012-ലെ കേരള ധനകാര്യസ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യ സംരക്ഷണബിൽ 14-2-2013-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജകറ്റ് കമ്മിറ്റി റിപ്പോർട്ടും സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 15-2-2012-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

**ബി. ചട്ടങ്ങളുടെ പരിശോധന**

(1) സമിതി താഴെപ്പറയുന്ന കരട് ചട്ടം ഭേദഗതിയോടെ അംഗീകരിച്ചു:

ദി കേരള ട്രഷറി (അമെന്റ്മെന്റ്) റൂൾസ്, 2011.

(9-7-2012-ലെ യോഗനടപടിക്കുറിപ്പിനെ അടിസ്ഥാനമാക്കിയുള്ളത്)

(2) സമിതി താഴെപ്പറയുന്ന കരട് ചട്ടം ഭേദഗതി കൂടാതെ അംഗീകരിച്ചു:

ദി ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള) അമെന്റ്മെന്റ് റൂൾസ്, 2012.

(7-11-2012-ലെ യോഗനടപടിക്കുറിപ്പിനെ അടിസ്ഥാനമാക്കിയുള്ളത്)

**സി.എസ്.ആർ.ഒ.-കളുടെ സാധൂകരണം**

സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ വിശദീകരണം സമിതി അംഗീകരിക്കുകയും വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകുകയും ചെയ്തു.

(1) ദി കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ (അമെന്റ്മെന്റ്) റൂൾസ്, 2009.

S.R.O. No. 215/09, G.O.(P) No. 40/2009/TD. dated 4-3-2009.

(2) ദി ഫോറിൻ ലികർ (അമെന്റ്മെന്റ്) റൂൾസ്, 2009.

S.R.O. No. 214/09, G.O.(P) No. 38/2009/TD. dated 4-3-2009.

(9-7-2012-ലെ യോഗനടപടിക്കുറിപ്പിനെ അടിസ്ഥാനമാക്കിയുള്ളത്)

(3) ദി കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ (അമെന്റ്മെന്റ്) റൂൾസ്, 2010.

S.R.O. No. 256/2010, G.O.(P) No. 62/2010/TD. dated 12-3-2010.

S.R.O. No. 670/2010, G.O.(P) No. 175/2010/TD. dated 6-7-2010.

S.R.O. No. 821/2010, G.O.(P) No. 212/2010/TD. dated 16-8-2010.

(4) ദി ഫോറിൻ ലികർ (അമെന്റ്മെന്റ്) റൂൾസ്, 2010.

S.R.O. No. 266/2010, G.O.(P) No. 67/2010/TD. dated 15-3-2010.

S.R.O. No. 359/2010, G.O.(P) No. 100/2010/TD. dated 7-4-2010.

S.R.O. No. 671/2010, G.O.(P) No. 176/2010/TD. dated 6-7-2010.

S.R.O. No. 724/2010, G.O.(P) No. 195/2010/TD. dated 21-7-2010.

S.R.O. No. 796/2010, G.O.(P) No. 208/2010/TD. dated 10-8-2010.

(5) ദി കേരള റെക്ടിഫൈഡ് സ്പിരിറ്റ് (അമെന്റ്മെന്റ്) റൂൾസ്, 2010.

S.R.O. No. 345/2010, G.O.(P) No. 97/2010/TD. dated 3-4-2010.

(6) ദി കേരള അബ്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) അമെന്റ്മെന്റ് റൂൾസ്, 2010.

S.R.O. No. 502/2010, G.O.(P) No. 133/2010/TD. dated 24-5-2010.

(7) ദി ബ്രൂവറി (അമെന്റ്മെന്റ്) റൂൾസ്, 2010.

S.R.O. No. 581/2010, G.O.(P) No. 148/2010/TD. dated 15-6-2010.

(8) ദി ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് ആന്റ് ബോട്ടിലിംഗ്) അമെന്റ്മെന്റ് റൂൾസ്, 2010.

S.R.O. No. 1095/2010, G.O.(P) No. 272/2010/TD. dated 29-11-2010.

(7-11-2012-ലെ യോഗനടപടിക്കുറിപ്പിനെ അടിസ്ഥാനമാക്കിയുള്ളത്.)

തിരുവനന്തപുരം,
2013 മേയ് 15.

**കെ. എം. മാണി,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി VIII.*

## അനുബന്ധം

### 1. 18-4-2012-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ യോഗം 2012 ഏപ്രിൽ 18-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി-യുടെ അദ്ധ്യക്ഷതയിൽ ചേർന്നു.

സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബും താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. വി. ചെന്താമരാക്ഷൻ, എം. എൽ. എ.
2. ശ്രീ. മുല്ലക്കര രത്നാകരൻ, ,,
3. പ്രൊഫ. സി. രവീന്ദ്രനാഥ്, ,,
4. ശ്രീ. വി. ഡി. സതീശൻ, ,,
5. ഡോ. ടി. എം. തോമസ് ഐസക്, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി.
2. ,, എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി നിവേദിതാ പി. ഹരൻ, അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ വകുപ്പ്).
2. ശ്രീ. വി. പി. ജോയ്, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ,, പ്രദീപ് കുമാർ, പ്രിൻസിപ്പൽ സെക്രട്ടറി, പവർ വകുപ്പ്.
4. ,, എ. അജിത്കുമാർ, സെക്രട്ടറി (ഹൗസിംഗ് വകുപ്പ്), അഡീഷണൽ ചാർജ് ഓഫ് ടാക്സസ്.
5. ശ്രീമതി എസ്. ശ്രീല, സ്പെഷ്യൽ സെക്രട്ടറി, ജി.എ.ഡി.
6. ശ്രീ. പി. രജി വർഗ്ഗീസ്, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് ആന്റ് എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.
7. ,, എസ്. ശ്രീകുമാർ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.

8. ശ്രീ. വി. എസ്. ബിനു, ജോയിന്റ് സെക്രട്ടറി, സി.എൽ.ആർ.

9. ,, എസ്. വേണു നമ്പൂതിരി, ജോയിന്റ് സെക്രട്ടറി, സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.

10. ,, വി. സനൽകുമാർ, ജോയിന്റ് കമ്മീഷണർ (കൊമേഴ്സ്യൽ ടാക്സസ്).

11. ,, കെ. കെ. ഉണ്ണി, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ.

12. ,, ബിജു പ്രഭാകർ, ഡയറക്ടർ ഓഫ് സ്റ്റേറ്റ് ലോട്ടറീസ്.

13. ,, കെ. കെ. രാജൻ, ഡയറക്ടർ ഓഫ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്.

14. ശ്രീമതി ഡി. വിജയകുമാരി, ഡയറക്ടർ ഓഫ് ട്രഷറീസ്.

15. ഡോ. ജോസ് ജേക്കബ്, ഡയറക്ടർ, നാഷണൽ സേവിംഗ്സ് വകുപ്പ്.

16. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.

17. ശ്രീ. പി. എം. ഫിലിപ്പ്, ഡയറക്ടർ, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ്.

18. ശ്രീ. എച്ച്. ഹാഷിം, സെക്രട്ടറി, രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി.

സമിതി 2012-13 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ V, X, XI, XIV, XVI, XXVIII, XLIII, XLV, XLVI എന്നിവ സംബന്ധിച്ച സൂക്ഷ്മപരിശോധന നടത്തുകയും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധിച്ച് ആവശ്യമായ ഘട്ടങ്ങളിൽ, സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആരായുകയും, താഴെപ്പറയുന്ന ശുപാർശകളും, നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

കാർഷികാദായനികുതിയും, വിൽപ്പനനികുതിയും സംബന്ധിച്ച ചർച്ചയിൽ വാണിജ്യനികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, കമ്പ്യൂട്ടർവൽക്കരണ ത്തിനും ആധുനികവൽക്കരണത്തിനും കൂടുതൽതുക അനിവാര്യമാണെന്ന് സമിതി വിലയിരുത്തി.

വാണിജ്യനികുതി വകുപ്പിൽ പഴക്കമേറിയ കമ്പ്യൂട്ടറുകൾ മാറ്റിസ്ഥാപിക്കുക, ഡിസാസ്റ്റർ റിക്കവറി സെന്റർ ആരംഭിക്കുക, ലാപ്ടോപ്പുകൾ വാങ്ങുക, നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള സൈബർ ഫോറൻസിക് ലാബ് കമ്പ്യൂട്ടറൈസേഷൻ, വീഡിയോ കോൺഫറൻസിംഗ് എന്നിവയ്ക്കായി നടപ്പ് സാമ്പത്തികവർഷം 9.25 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളായ ചെക്കുപോസ്റ്റുകളുടെ നവീകരണം, വേബ്രിഡ്ജുകൾ സ്ഥാപിക്കൽ, എറണാകുളം, പാലക്കാട്, കോട്ടയം, കൊല്ലം എന്നിവിടങ്ങളിൽ കെട്ടിടസമുച്ചയനിർമ്മാണം എന്നിവയ്ക്കും, അഗ്നിശമന ഉപകരണങ്ങൾ വാങ്ങുക, തൃശ്ശൂരിലെ കെട്ടിടം കമ്മീഷൻ ചെയ്യുക എന്നിവയ്ക്കുമായി

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമാണെന്ന് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. ആയതിനാൽ, ചെക്ക്പോസ്റ്റുകളുടെ നവീകരണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 20 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന് യാത്രാബത്തയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40,000 രൂപ അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

തുടർന്ന് ട്രഷറികളും, അക്കൗണ്ടുകളും സംബന്ധിച്ച ചർച്ചയിൽ ചടയമംഗലത്ത് സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക വകയിരുത്തണമെന്ന് സമിതി അംഗം ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തുകയും, പ്രസ്തുത വിഷയം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതായതിനാൽ സബ്ജക്റ്റ് കമ്മിറ്റിയിൽ ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് ചെയർമാൻ അറിയിക്കുകയും ചെയ്തു. ചടയമംഗലത്ത് സബ്ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സമില്ലെന്നും എന്നാൽ സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനും ധനവിനിയോഗത്തിലെ കൃത്യതയും സൂക്ഷ്മതയും ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്തെ ഏത് ട്രഷറികളിൽനിന്നും പണമിടപാട് നടത്താൻ കഴിയത്തക്കവിധം ട്രഷറികളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് നെറ്റ്വർക്കിംഗ്, കോർബാങ്കിംഗ്, ഇ-പേയ്മെന്റ്, എ.ടി.-എമ്മുകൾ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ട്രഷറികളിൽ ഏർപ്പെടുത്തേണ്ടത് അനിവാര്യമാണെന്നും അതിനായി തുക ആവശ്യമാണെന്നും ധനകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പ്രവർത്തനങ്ങൾക്ക് പദ്ധതിവിഹിതമായി 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിന്റെ രണ്ടാംഘട്ടപ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഓഡിറ്റ് ചാർജ് കുടിശിക എത്രയുണ്ടെന്ന സമിതി അംഗത്തിന്റെ ചോദ്യത്തിന് 140.49 കോടി രൂപ കുടിശികയുണ്ടെന്നും, പ്രധാനമായും പഞ്ചായത്തുകളിൽ നിന്നാണ് ഓഡിറ്റ് ചാർജ് കുടിശിക കിട്ടാനുള്ളതെന്നും പഞ്ചായത്തുകളുടെ ഗ്രാന്റിൽനിന്നും ഈ തുക അഡ്ജസ്റ്റ് ചെയ്യാനുള്ള പ്രൊപ്പോസൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്തുകൾ ഇത് അനുവദിച്ചില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഡയറക്ടർ മറുപടി നൽകി.

തുടർന്ന് ജില്ലാഭരണവും പലവകയും സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. ദേശീയ സമ്പാദ്യ പദ്ധതിയിൽ ഏജന്റുമാർക്ക് പ്രോൽസാഹന അലവൻസും ബോണസും 2011 നവംബർ മുതലുള്ള കുടിശികയും നൽകുന്നതിന് ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് ധനകാര്യ വകുപ്പ് സെക്രട്ടറി അറിയിക്കുകയും ആയതിനാൽ ദേശീയ സമ്പാദ്യ പദ്ധതിയിലെ ഏജന്റുമാർക്കും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമുള്ള പ്രോൽസാഹന അലവൻസ്, ഈയിനത്തിൽ

മുൻവർഷങ്ങളിലെ കുടിശിക എന്നിവയ്ക്കായി ഇപ്പോൾ അനുവദിച്ച തുകയ്ക്കു പുറമെ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്തു.

സംസ്ഥാന ലോട്ടറിയുമായി ബന്ധപ്പെട്ട ചർച്ചയിൽ സംസ്ഥാന ലോട്ടറിയുടെ വിറ്റുവരവ് ഈ വർഷം 1,297 കോടി രൂപയാണെന്നും 2009-10-ലെ 625 കോടി രൂപ യിൽനിന്നും 2011-ലെ 1,297 കോടി രൂപയായി വർദ്ധിച്ച സാഹചര്യത്തിൽ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആധുനികവൽക്കരണത്തിലൂടെയും ഓഫീസുകളുടെ നവീകരണത്തിലൂടെയും മാത്രമേ ഈ വർഷത്തെ ലക്ഷ്യമായ 1,860 കോടി രൂപയുടെ വിറ്റുവരവ് നേടാനാകുകയുള്ളൂ എന്ന് ലോട്ടറി ഡയറക്ടർ വിശദമാക്കി. സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ എത്രയും അടിയന്തിരമായി ആരംഭിക്കേണ്ട കമ്പ്യൂട്ടർവൽക്കരണ ത്തിനും ഓഫീസ് നവീകരണത്തിനുമായി 5 കോടി രൂപ അനുവദിക്കണമെന്ന് ശുപാർശ ചെയ്തു.

ലോട്ടറി വകുപ്പിൽ നിലവിൽ ജില്ലാ ഓഫീസുകൾ മാത്രമാണ് ഉള്ളതെന്നും വിറ്റുവരവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ സംവിധാനം മുഖേന സർക്കാരിന് ലോട്ടറി വിതരണം നടത്തുന്നതിനും ചെറുകിട ലോട്ടറി തൊഴിലാളികൾക്ക് ദിവസവും ടിക്കറ്റ് ലഭ്യമാക്കുന്നതിനും വളരെയധികം ബുദ്ധിമുട്ട് നേരിടുന്നതിനാൽ താലൂക്ക് തലത്തിൽ ഓഫീസുകൾ തുറക്കുകയാണ് ഇതിന് പരിഹാരമെന്നും ഡയറക്ടർ തുടർന്ന് അറിയിക്കുകയും ലോട്ടറി വകുപ്പിൽ താലൂക്ക്തലത്തിൽ ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്തു.

കാരുണ്യ ലോട്ടറിയുടെ പ്രവർത്തനം സമിതി ചർച്ച ചെയ്തു. ഗവൺമെന്റ് ആശുപത്രികളിൽ മാത്രമാണ് ഈ സ്കീം ഇപ്പോഴുള്ളതെന്നും അക്രെഡിറ്റഡ് പ്രൈവറ്റ് ആശുപത്രികൾക്കുകൂടി ഈ സ്കീമിന്റെ ആനുകൂല്യം നൽകുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റിയാണ് ഏതൊക്കെ ആശുപത്രികളെയാണ് അക്രഡിറ്റ് ചെയ്യണമെന്ന് തീരുമാനിക്കുന്നതെന്നും ഗുരുതരമായ അസുഖങ്ങൾക്ക് രണ്ട് ലക്ഷം രൂപവരെ പരിരക്ഷ ലഭിക്കുമെന്നും ലോട്ടറി വകുപ്പ് ഡയറക്ടർ വിശദീകരണം നൽകി. ഓരോ അസുഖത്തിനും സംസ്ഥാനത്തുള്ള പ്രധാനപ്പെട്ട ഹോസ്പിറ്റലുകൾകൂടി അക്രെഡിറ്റ് ചെയ്ത് പ്രസ്തുത സ്കീമിന്റെ ആനുകൂല്യം നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. ക്യാൻസർ, കിഡ്നി, ഹൃദയം എന്നിവ സംബന്ധമായ അസുഖങ്ങൾമൂലം അവശത അനുഭവിക്കുന്ന രോഗികളുടെ ചികിത്സ യ്ക്കായി വിനിയോഗിക്കപ്പെടുന്ന കാരുണ്യ ലോട്ടറിയിൽ നിന്നുള്ള ലാഭം 2011-12 സാമ്പത്തിക വർഷത്തിൽ ഏകദേശം 40 കോടി രൂപയായിരുന്നുവെന്നും നടപ്പ് വർഷം 80 കോടി രൂപ ലാഭമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന കാരുണ്യ ലോട്ടറി യ്ക്കായി 25 കോടി രൂപ അധികമായി ആവശ്യമുണ്ടെന്നും ഡയറക്ടർ അറിയിക്കുകയും ഈ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്തു.

കേരളത്തിൽ പൈലറ്റ് പരിശീലനം നൽകുന്ന ഏക സർക്കാർ സ്ഥാപനമായ രാജീവ്ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം സമിതി ചർച്ച ചെയ്തു.

ഫ്യൂവലിന്റെ വിലവർദ്ധനവുമൂലം അക്കാഡമി പ്രതിസന്ധിയിലാണെന്നും കൂടാതെ ട്രെയിനിംഗിനായി രണ്ട് പൈലറ്റ്മാരെ ഉടനെ നിയമിക്കേണ്ടതിനാലും ജീവനക്കാരുടെ പേറിവിഷൻ നൽകുന്നതിലേക്കായും ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് അക്കാഡമി സെക്രട്ടറി അറിയിച്ചു. കൂടാതെ തിരുവനന്തപുരം വിമാനത്താവള വികസനത്തിന്റെ ഭാഗമായി അക്കാഡമിയുടെ നിലവിലുള്ള ഹാംഗർ, ഓഫീസ് കെട്ടിടം, ഇന്ധന സംഭരണി എന്നിവ ഇപ്പോൾ തിരുവനന്തപുരം അന്തർദ്ദേശീയ വിമാനത്താവളത്തിൽ എയർപോർട്ട് അതോറിറ്റിയുടെ സ്ഥലത്തേക്ക് താൽക്കാലികമായി മാറ്റിസ്ഥാപിച്ചിരിക്കുകയാണെന്നും രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന അക്കാഡമിയുടെ കെട്ടിട നിർമ്മാണത്തിനായി 5.89 കോടി രൂപയും അധികമായി ആവശ്യമുണ്ടെന്നും സെക്രട്ടറി തുടർന്നറിയിച്ചു. സെന്ററിന്റെ പ്രവർത്തനങ്ങൾ സമിതി വിലയിരുത്തുകയും രാജീവ്ഗാന്ധി സെന്റർ ഫോർ ഏവിയേഷൻ ടെക്നോളജിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1 കോടി രൂപയും ഹാംഗർ മാറ്റിസ്ഥാപിക്കുന്നതിനായി 2.38 കോടി രൂപയും തിരുവനന്തപുരം അന്തർദ്ദേശീയ വിമാനത്താവളത്തിൽ എയർപോർട്ട് അതോറിറ്റിയുടെ സ്ഥലത്ത് താൽക്കാലികമായി പ്രവർത്തിക്കുന്ന ഹാംഗർ പുതിയ സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കുന്നതിനായി 1 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്തു.

തുടർന്ന് നടന്ന ഇൻഷുറൻസ് വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ ഇൻഷുറൻസ് ലൈസൻസ് പുതുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടതിന് ശേഷം വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക അനുവദിക്കാമെന്ന് ബഹു. ചെയർമാൻ അറിയിച്ചു.

ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന് ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക പര്യാപ്തമാണെന്നും അധികതുക ആവശ്യമില്ലെന്നുമുള്ള ഡയറക്ടറുടെ അഭിപ്രായം മാതൃകാപരമാണെന്ന് സമിതി ചെയർമാൻ അഭിപ്രായപ്പെട്ടു.

തുടർന്ന് നടന്ന പലവക വായ്പകളും മുൻകൂറുകളും സംബന്ധിച്ച ചർച്ചയിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ തിരിച്ചടവിനെക്കുറിച്ചുള്ള വിശദാംശങ്ങൾ സമിതി ആരാഞ്ഞു. ഈ വർഷം 144 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും കഴിഞ്ഞ വർഷത്തെ കുടിശ്ശിക കൊടുത്തുതീർക്കേണ്ടതുണ്ടെന്നും ശമ്പളത്തിൽ നിന്നും തിരിച്ചുപിടിക്കുന്നതിനാൽ കൃത്യമായി റീപെയ്മെന്റ് വരുന്നുണ്ടെന്നും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

തുടർന്ന് നടന്ന റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ ഇപ്രാവശ്യം ഓരോ വകുപ്പിനും പ്രത്യേകം പ്രത്യേകം ഫണ്ട് അനുവദിക്കുന്നതിനുപകരം റവന്യൂ വകുപ്പിന് 300 കോടി അനുവദിച്ചിരിക്കുകയാണെന്ന് ധനകാര്യ വകുപ്പ് സെക്രട്ടറി അറിയിക്കുകയും ലാന്റ് അക്വിസിഷന് ഫണ്ട് അനുവദിക്കുന്നതിനുള്ള മുൻഗണന എങ്ങനെയാണ് തീരുമാനിക്കുന്നതെന്ന് സമിതി ആരായുകയും ചെയ്തു. മുൻഗണന നിശ്ചയിക്കുന്നത് ചീഫ് സെക്രട്ടറി ചെയർമാനായും, റവന്യൂ സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള ഒരു ഹൈലവൽ കമ്മിറ്റിയാണെന്ന് റവന്യൂ സെക്രട്ടറി മറുപടി നൽകി. ലാന്റ് അക്വിസിഷൻ ആവശ്യമുള്ള വകുപ്പ്

ഹൈലെവൽ കമ്മിറ്റിക്ക് നിശ്ചിത പ്രൊഫോർമയിൽ പ്രൊപ്പോസൽ നൽകേണ്ടതും പ്രസ്തുത ആവശ്യം കമ്മിറ്റി മുമ്പാകെ ശക്തമായി ബോധ്യപ്പെടുത്തുകയും ചെയ്താൽ കമ്മിറ്റി അംഗീകരിക്കുന്നതാണ്. നേരത്തെ എല്ലാ കേസിലും റവന്യൂ വകുപ്പുമന്ത്രിയുടെ അനുമതി ആവശ്യമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഈ കമ്മിറ്റി സ്ഥലം അക്വിസിഷൻ ചെയ്യുന്ന തീരുമാനമെടുക്കുകയും അതുകഴിഞ്ഞ് റവന്യൂ സെക്രട്ടറി ഫണ്ട് റിലീസ് ചെയ്യുകയുമാണ് ചെയ്യുന്നതെന്നും ധനകാര്യ വകുപ്പ് സെക്രട്ടറി അറിയിച്ചു.

ലാന്റ് അക്വിസിഷന് ഫണ്ട് അനുവദിക്കുന്നതിന് ഇപ്പോൾ ക്യാബിനറ്റിന്റെ അനുമതി ആവശ്യമില്ലെന്നും, മുൻഗണന കൊടുക്കുന്നത് സംബന്ധിച്ച് ഒരു മാർഗ്ഗ രേഖ തയ്യാറാക്കിവരുന്നുണ്ടെന്നും റവന്യൂ സെക്രട്ടറി കൂട്ടിച്ചേർത്തു.

എന്നാൽ എല്ലാ വകുപ്പുകളുടെയും ലാൻഡ് അക്വിസിഷൻ സംബന്ധിച്ച വിഷയങ്ങൾ ഒരിടത്ത് കേന്ദ്രീകരിക്കുന്നത് കാലതാമസത്തിനിടയാക്കുമെന്നും സമിതി ആശങ്ക പ്രകടിപ്പിച്ചു.

സർക്കാർ വകുപ്പുകളുടെ ലാൻഡ് അക്വിസിഷന് മാത്രമാണ് കമ്മിറ്റി വരുന്ന തെന്നും ലാൻഡ് അക്വിസിഷൻ തുടങ്ങിക്കഴിഞ്ഞാൽ ഫണ്ടും നഷ്ടപരിഹാരവും കൊടുക്കുന്നത് റവന്യൂ വകുപ്പിനായുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ആയതിനാൽ ബന്ധപ്പെട്ട വകുപ്പിലേക്ക് ഫയൽ അയയ്ക്കുന്നത് കൊണ്ടുള്ള കാലതാമസം ഉണ്ടാവില്ല എന്ന് ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ലാൻഡ് അക്വിസിഷനുമായും ബന്ധപ്പെട്ട ഗവൺമെന്റ് പോളിസി കാലതാമസം കൂടാതെ പുറപ്പെടുവിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

പഴയകേസുകൾ സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക്, ലോക് അദാലത്തുകൾ വഴി പ്രസ്തുത കേസുകൾ തീർപ്പാക്കിവരികയാണെന്നും പുതിയ സംവിധാനത്തിൽ ഫാസ്റ്റ് ട്രാക്ക് സിസ്റ്റമായതിനാൽ കേസുകളില്ലെന്നും പുനരധിവാസം സംബന്ധിച്ച് ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട പോളിസിയിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്നും 75,000 രൂപയിൽ കുറവ് വാർഷിക വരുമാനമുള്ളവർക്കേ പുനരധിവാസത്തിന് അർഹതയുള്ളൂവെന്നും റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

ലാൻഡ് അക്വിസിഷൻ നടപടികൾ എം.എൽ.എ.-മാർക്ക് കൂടി പരിചയപ്പെടുത്തു ന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇത് സംബന്ധിച്ച് ഐ.എം.ജി.-യെ ചുമതലപ്പെടുത്താമെന്ന് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് ശേഷം 12.15-ന് പിരിഞ്ഞു.

## 2. 24-4-2012-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ യോഗം 2012 ഏപ്രിൽ 24-ാം തീയതി രാവിലെ 11.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-A' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. എക്സൈസും, തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. പ്രൊഫ. സി. രവീന്ദ്രനാഥ്, എം.എൽ.എ.
2. ശ്രീ. വി. ഡി. സതീശൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി.
2. ,, എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി (ഹൗസിംഗ് വകുപ്പ്), അഡീഷണൽ ചാർജ് ഓഫ് ടാക്സസ്.
2. ,, സൗരഭ് ജെയിൻ, അഡീഷണൽ എക്സൈസ് കമ്മീഷണർ.
3. ,, എച്ച്. റഹീം, ജോയിന്റ് കമ്മീഷണർ, ഐ.എ.ഡബ്ല്യൂ, ഇ.എക്സ്.ക്യൂ.
4. ശ്രീമതി കെ. കെ. ശോഭന, അഡീഷണൽ സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.
5. ശ്രീമതി ഡി. വിജയകുമാരി, ഡയറക്ടർ ഓഫ് ട്രഷറീസ്.
6. ശ്രീ. പി. എസ്. ജയന്തൻ, ജോയിന്റ് സെക്രട്ടറി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.
7. ,, എൻ. ശ്രീകുമാർ, ഫിനാൻസ് ഓഫീസർ, എക്സൈസ് ഡിപ്പാർട്ട്മെന്റ്.
8. ,, ടി. എം. മാത്തുക്കുട്ടി, സീനിയർ എഫ്. ഒ. ലാന്റ് റവന്യൂ വകുപ്പ്.

സമിതി 2012-13 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന നമ്പർ VIII (എക്സൈസ്) VII (മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും) എന്നിവയുടെ സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും, താഴെപ്പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തു.

എക്സൈസ് വകുപ്പിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രഹസ്യാന്വേഷണം ശക്തിപ്പെടുത്തുന്നതിനായി ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്നും തുക വർദ്ധിപ്പിക്കേണ്ടതാണെന്നും ടാക്സസ് സെക്രട്ടറി അറിയിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈയിനത്തിൽ 6.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്തു. സംസ്ഥാന ഖജനാവിലേക്ക് ഏറ്റവുംകൂടുതൽ വരുമാനം ലഭ്യമാക്കുന്ന

എക്സൈസ് വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന സ്വന്തംകെട്ടിടങ്ങളിൽ ഭൂരിഭാഗവും ജീർണ്ണാവസ്ഥയിലാണെന്നും ബാക്കിയുള്ളവ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നുമുള്ള വസ്തുതകൾ സമിതി ചർച്ച ചെയ്യുകയും, പഴയ കെട്ടിടങ്ങൾ പുതുക്കിപ്പണിയേണ്ടതും ആധുനികവൽക്കരിക്കേണ്ടതും, വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതും അനിവാര്യമാണെന്ന് അഭിപ്രായപ്പെടുകയും എക്സൈസ് വകുപ്പിന് കെട്ടിടം നിർമ്മിക്കുന്നതിന് 5 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. കൂടാതെ എക്സൈസ് വകുപ്പിലെ ഓഫീസുകളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും പദ്ധതിയിനത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

സംസ്ഥാനത്ത് മദ്യാസക്തിക്ക് അടിമപ്പെട്ടവരുടെ എണ്ണം ഏറിവരുന്ന സാഹചര്യത്തിൽ "മദ്യവിമുക്തകേരളം" എന്ന ലക്ഷ്യപ്രാപ്തിക്കായി പ്രധാനമായും സ്കൂൾ, കോളേജ് കാമ്പസുകൾ കേന്ദ്രീകരിച്ച് സമഗ്ര മദ്യലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്നുണ്ടെന്ന വകുപ്പിന്റെ ഇത്തരം പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ വകയിരുത്തിയിരുന്നതിലും കുറഞ്ഞതുകയാണ് ഈ സാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്നതെന്നും കൂടാതെ കഴിഞ്ഞവർഷം ഏറ്റെടുത്ത് നടത്തിയ പ്രവർത്തനങ്ങൾക്കായി 40 ലക്ഷത്തോളം രൂപ നൽകാനുണ്ടെന്നും മദ്യാസക്തിക്കെതിരായ പ്രചരണ പരിപാടികൾക്ക് ഈ തുക തികച്ചും അപര്യാപ്തമാണെന്നും സെക്രട്ടറി അറിയിച്ചു. മദ്യലഹരിവിരുദ്ധ ബോധവൽക്കരണ പദ്ധതികളുമായി ബന്ധപ്പെട്ട് വകുപ്പ് നടപ്പിലാക്കി വരുന്ന കർമ്മപരിപാടികൾക്കും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികളിൽ ഡീഅഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനും ശീർഷകത്തിൽ 3.80 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

ചാരായ നിരോധനം നടപ്പിലാക്കിയ സാഹചര്യത്തിൽ 'ചാരായ നിരോധനം നടപ്പാക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട്' എന്ന ശീർഷകം 'വ്യാജമദ്യത്തിനെതിരെ നടപടിയെടുക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട്' എന്നുമാറ്റാൻ സമിതി ശുപാർശ ചെയ്തു.

തുടർന്ന് നടന്ന രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ ചങ്ങനാശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ വാടക ഹൗസിംഗ് ബോർഡും രജിസ്ട്രേഷൻ വകുപ്പും തമ്മിലുള്ള തർക്കംകാരണം കൊടുത്തിട്ടില്ലെന്നും ഇപ്പോൾ സർക്കാർതലത്തിൽ ഒത്തുതീർപ്പായിട്ടുണ്ടെന്നും 2000 ഡിസംബർ മുതലുള്ള വാടക കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 72.34 ലക്ഷം രൂപയും കൂടാതെ തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ ഓഫീസും പ്രിൻസിപ്പൽ സബ് രജിസ്ട്രാർ ഓഫീസും പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2003 നവംബർ മുതലുള്ള വാടക, വൈദ്യുതിച്ചാർജ്, വെള്ളക്കരം എന്നിവയുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 40 ലക്ഷം രൂപ അധികമായി ആവശ്യമുണ്ടെന്നും ഹൗസിംഗ് സെക്രട്ടറി അറിയിച്ചു. തുടർന്ന് ചങ്ങനാശ്ശേരി സബ്രജിസ്ട്രാർ ഓഫീസിൽ ഈയിനത്തിൽ 77.34 ലക്ഷം രൂപ തിരുവനന്തപുരം

ജില്ലാ രജിസ്ട്രേഷൻ ഓഫീസും പ്രിൻസിപ്പൽ സബ് രജിസ്ട്രേഷൻ ഓഫീസും ഈയിനത്തിൽ 40 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

രജിസ്ട്രേഷൻ വകുപ്പിനെ പ്രതിനിധീകരിച്ച് രജിസ്ട്രേഷൻ ഐ.ജി. എത്താത്തതിനാൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തി. സബ്ജക്റ്റ് കമ്മിറ്റി മീറ്റിംഗിന് എത്താൻ കഴിയില്ലെങ്കിൽ അക്കാര്യം സമിതിയെ അറിയിക്കേണ്ടതും, പകരം ഉദ്യോഗസ്ഥനെ അയയ്ക്കേണ്ടതുമാണെന്ന് സമിതി വ്യക്തമാക്കി. ആയതിനാൽ ഇത് സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പിനോട് വിശദീകരണം ആരായാൻ സമിതി നിർദ്ദേശിച്ചു. സംസ്ഥാനത്ത് റവന്യൂ വരുമാനം സ്വരൂപിക്കുന്ന പ്രധാന വകുപ്പുകളിൽ ഒന്നായ രജിസ്ട്രേഷൻ വകുപ്പ് ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുകയാണെന്നും ഈ വകുപ്പിലെ ഓഫീസുകൾ പലതും വാടക കെട്ടിടങ്ങളിലും സ്വന്തമായുള്ളവ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലുമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും പഴയ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനും 5 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

വകുപ്പിലെ ഇരുപതോളം കെട്ടിടങ്ങൾ പുതുക്കി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ഉണ്ടെന്നും, എന്നാൽ ഇതോടൊപ്പം ഓഫീസുകളുടെ ആധുനികവൽക്കരണം അത്യാവശ്യമാണെന്നും, റിക്കാർഡുകൾ സൂക്ഷിക്കുന്നത് വളരെ ബുദ്ധിമുട്ടി യാണെന്നും വകുപ്പിൽ എല്ലാ ഓഫീസും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടെങ്കിലും ഇൻഫ്രാസ്ട്രക്ചർ വീക്കായതിനാൽ കണക്ടിവിറ്റിയില്ലെന്നുള്ളതാണ് പ്രശ്നമെന്നും സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ വരുമാനം നേടിത്തരുന്ന ഈ വകുപ്പിന്റെ ഒരു ശതമാനം വരുമാനമെങ്കിലും വകുപ്പിന്റെ ആധുനികവൽക്കരണത്തിന് മാറ്റി വയ്ക്കേണ്ടതാണെന്നും വകുപ്പു സെക്രട്ടറി സമിതിയെ അറിയിച്ചു.

രജിസ്ട്രേഷൻ വകുപ്പ് അടിയന്തിരമായി ആധുനികവൽക്കരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. പൊതുജനങ്ങൾ ഏറ്റവും കൂടുതൽ സമ്പർക്കം പുലർത്തുന്ന രജിസ്ട്രേഷൻ വകുപ്പിലെ ഓഫീസു കളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിപ്പുള്ള രേഖകൾ കാലപ്പഴക്കംകൊണ്ട് നശിച്ച് പോകാൻ സാധ്യതയുള്ളതിനാൽ അവ ഡിജിറ്റൈസ് ചെയ്യേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുകയും രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുകയും ചെയ്തു.

തുടർന്ന് സമിതി വ്യാജമുദ്രപ്പത്ര തട്ടിപ്പിനെക്കുറിച്ച് ചർച്ച ചെയ്യുകയും ഇത് സംബന്ധിച്ച് സമിതി വിശദീകരണം ആരായുകയും ചെയ്തു. കോടതിക്ക് വിറ്റ മുദ്രപ്പത്രങ്ങളിലാണ് തട്ടിപ്പ് നടന്നിട്ടുള്ളതാണെന്നതിനാൽ ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിൽ സംയുക്തമായി 2008 മുതലുള്ള സ്റ്റാമ്പുകൾ പരിശോധിച്ച് വരിക യാണെന്നും, വകുപ്പുതല അന്വേഷണവും, പോലീസ് എൻക്വയറിയും നടക്കുന്നുണ്ടെന്നും, പത്തംഗ പ്രത്യേക അന്വേഷണസംഘത്തെ നിയോഗിച്ചിട്ടുണ്ടെന്നും വകുപ്പുതല അന്വേഷണവും പോലീസ് അന്വേഷണവും പൂർത്തിയായിട്ടില്ലെന്നും

ട്രഷറി ഡയറക്ടർ സമിതിയെ അറിയിച്ചു. 2008 മുതൽ ഡിജിറ്റൽ ഫോട്ടോസ്റ്റാറ്റ് സ്കാൻഡ് പേപ്പേഴ്സാണ് മുദ്രപ്പത്രങ്ങൾ നിർമ്മിക്കാൻ ഉപയോഗിച്ചതെന്നും ആയതിനാൽ 2008 മുതലുള്ള മുദ്രപ്പത്രങ്ങൾ പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും ട്രഷറി ഡയറക്ടർ വ്യക്തമാക്കി.

തുടർന്ന് സമിതി ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ഈ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിന് വേണ്ടി 2005-2020 കാലയളവിൽ സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷനെ ഇന്ത്യാഗവൺമെന്റ് ചുമതലപ്പെടുത്തിയിരുന്നെന്നും, പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ ജോയിന്റ് സെക്രട്ടറി (റവന്യൂ) ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തെന്നും ടാക്സ് സെക്രട്ടറി വ്യക്തമാക്കി. ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനായി ഒരു സബ്-രജിസ്ട്രാർ ഓഫീസിന് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി 4.5 ലക്ഷം രൂപ നിരക്കിൽ അനുവദിച്ചുകൊണ്ടുള്ള ഒരു പാക്കേജ് കേന്ദ്രസർക്കാർ നടപ്പിലാക്കുകയുണ്ടായെന്നും ഗുജറാത്ത്, കർണ്ണാടക, ആന്ധ്രാ എന്നീ സംസ്ഥാനങ്ങളിൽ സ്റ്റോക്ക് ഹോൾഡിംഗ് കോർപ്പറേഷൻ വഴിയും, പശ്ചിമബംഗാൾ, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ട്രഷറി ഡിപ്പാർട്ട്മെന്റും, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റും സംയുക്തമായി എൻ.ഐ.സി.യുടെ സപ്പോർട്ടോടെ ഇത് നടപ്പിലാക്കി വരുന്നുണ്ടെന്നും ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ദിവസം എൻ.ഐ.സി.യുമായി ഒരു യോഗം ചേർന്നിരുന്നുവെന്നും ഇ-സ്റ്റാമ്പിംഗ് വരുമ്പോൾ അതിന്റെ പ്രത്യേക കളക്ഷൻ സെന്ററുകളിൽ പണമടച്ചാൽ ഓട്ടോമാറ്റിക്കായി അതിന്റെ റസീപ്റ്റ് കിട്ടുമെന്നും അങ്ങനെ വരുമ്പോൾ വെണ്ടർമാരുടെ ജോലി നഷ്ടമാകുമെന്നും കോർപ്പറേഷൻ ഏരിയയിൽ ഒരു മോഡലായി നടത്തി പരീക്ഷിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും ടാക്സസ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കേരളത്തിൽ പ്രസ്തുത പാക്കേജ് നടപ്പിലാക്കുകയാണെങ്കിൽ വെണ്ടർമാരുടെ വരുമാനത്തെ, ദോഷകരമായി ബാധിക്കാത്തവിധത്തിൽ നടപ്പിലാക്കണമെന്നും, അതോടൊപ്പം വ്യാജമുദ്രപ്പത്രങ്ങളുടെ പേരിലുള്ള തട്ടിപ്പ് തടയണമെന്നും സമിതി നിർദ്ദേശിച്ചു. തുടർന്ന് മുദ്രപ്പത്രങ്ങളുടെ ഡിസ്ട്രിബ്യൂഷൻ നെറ്റ്വർക്കും ടാക്സസ് സെക്രട്ടറി വിശദീകരിച്ചു.

നിലവിലുള്ള രീതിയനുസരിച്ച് ഒരു വെണ്ടർ മരിച്ചാൽ മാത്രമേ അടുത്ത അവകാശിക്ക് വെണ്ടർ സ്ഥാനം ലഭിക്കുന്നുള്ളുവെന്നും പ്രായമായി കഴിയുമ്പോൾ ഇവർക്ക് ശരിയായി മേൽനോട്ടം വഹിക്കുവാൻ സാധിക്കാത്തതിനാൽ വളരെയധികം ബുദ്ധിമുട്ടാണെന്നും അതിനാൽ ഒരു നിശ്ചിതകാലയളവ് കഴിഞ്ഞാൽ വെണ്ടർ സ്ഥാനം മാറ്റി അടുത്ത അവകാശിക്ക് കൊടുക്കാമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തികൊണ്ട് വെണ്ടർമാരുമായി ചർച്ച നടത്തി വെണ്ടർമാർക്കുള്ള റിട്ടയർമെന്റിന് പ്രായപരിധി നിശ്ചയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി യോഗം രാവിലെ 11.35-ന് പിരിഞ്ഞു.

## 3. 9-5-2012-ലെ യോഗനടപടിക്കുറിപ്പ്

സബ്ജക്റ്റ് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)ന്റെ യോഗം 2012 മേയ് 9 ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ:

1. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം.എൽ.എ.
2. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.
3. ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ.
4. ഡോ. ടി. എം. തോമസ് ഐസക്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. പുരുഷോത്തമൻ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3 ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

സമിതി 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും താഴെ പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു:

കരട് റിപ്പോർട്ടിൽ 12-ാം ഖണ്ഡികയായി ഉൾപ്പെടുത്തിയിരിക്കുന്ന 2039-00-001-96 ചാരായ നിരോധനം നടപ്പാക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട് എന്ന ശീർഷകം, "വ്യാജമദ്യത്തിനെതിരെ നടപടിയെടുക്കുന്നതിന് കളക്ടർമാർക്കുള്ള ഫണ്ട്" എന്ന് മാറ്റണമെന്ന് സമിതി നിർദ്ദേശിച്ചു.

2011 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള കരട് പീരിയോഡിക്കൽ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

സമിതി യോഗം ഉച്ചയ്ക്ക് 12.05-ന് പിരിഞ്ഞു.

## 4. 9-7-2012-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII 2012 ജൂലൈ 9-ാം തീയതി തിങ്കളാഴ്ച സഭ പിരിഞ്ഞശേഷം വൈകുന്നേരം 4.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'V-D' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിത രായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി, എം. എൽ. എ.
2. ശ്രീ. വി. ചെന്താമരാക്ഷൻ, എം. എൽ. എ.
3. ശ്രീ. കോവൂർ കുഞ്ഞുമോൻ, എം. എൽ. എ.
4. ശ്രീ. മുല്ലക്കര രത്നാകരൻ, എം. എൽ. എ.
5. ശ്രീ. വി. ഡി സതീശൻ, എം. എൽ. എ.
6. ശ്രീ. എം. പി. വിൻസെന്റ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. രാജീവ് സദാനന്ദൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യവകുപ്പ്
2. ശ്രീ. സി. രഘു, ഐ. ജി, രജിസ്ട്രേഷൻ വകുപ്പ്
3. ശ്രീ. എം. ഗിരീഷ് കുമാർ, ഒ.എസ്.ഡി. (ഫിനാൻസ് റിസോഴ്സസ്) ധനകാര്യ വകുപ്പ്
4. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീ. എ. ഷാജി, അഡീഷണൽ സെക്രട്ടറി, ടാക്സസ് ഡിപ്പാർട്ട്മെന്റ്
6. ശ്രീ. ടി. പി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്
7. ശ്രീ. എൻ. കേശവൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
8. ശ്രീ. ടി. വസന്തകുമാർ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
9. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
10. ശ്രീ. കെ. ജയിംസ് ജോസഫ്, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
11. ശ്രീമതി ലീലാമ്മ കെ. ജേക്കബ്, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
12. ശ്രീമതി വത്സലകുമാരി കെ. ജെ., ജോയിന്റ് കമ്മീഷണർ, കൊമേഴ്സ്യൽ ടാക്സസ് വകുപ്പ്
13. ശ്രീ. ആർ. കെ. ശ്രീകുമാരൻ ചെട്ടിയാർ, ജോയിന്റ് എക്സൈസ് കമ്മീഷണർ (എ.പി.സി.).

സമിതി താഴെപ്പറയുന്ന കരട് ചട്ടം ചുവടെ ചേർത്തിരിക്കുന്ന ഭേദഗതിയോടെ അംഗീകരിച്ചു:

ദി കേരള ട്രഷറി (അമെന്റ്മെന്റ്) റൂൾസ്, 2011

(ഫ. നമ്പർ 6117/സബ്.സി.ഇ2/2011/ലെജി.)

(റഫ. നമ്പർ 3317/എസ്.എൽ1/12/ഫിൻ. തീയതി 10-11-2011)

ചട്ടം 1 (i) 'Short title and commencement'-ൽ 2011 എന്ന വർഷം 2012 ആക്കി മാറ്റണം.

സമിതിയുടെ സൂക്ഷ്മ പരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ വിശദീകരണം സമിതി അംഗീകരിക്കുകയും വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു.

1. ദി കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ (അമെന്റ്മെന്റ്) റൂൾസ്, 2009.

   SRO No. 215/09, G.O.(P) No. 40/2009/TD Dt. 4-3-2009.

2. ദി ഫോറിൻ ലിക്വർ (അമെന്റ്മെന്റ്) റൂൾസ്, 2009

   SRO No. 214/09 G.O.(P) No. 38/2009/TD Dt. 4-3-2009.

   (ഫ. നമ്പർ 13913/സബ്.സി.ഇ2/2010/ലെജി.)

സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ താഴെപ്പറയുന്ന ഫയലുകളിന്മേൽ അതാതിന് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം സമിതി ചർച്ച നടത്തുകയും നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു:

1. മരുന്നു വ്യാപാര മേഖലയിലെ എ.കെ.സി.ഡി.എ. എന്ന സംഘടനയുടെ നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച്.

   (ഫ. നമ്പർ 5505/സബ്.സി.ഇ2/11/ലെജി.)

സംസ്ഥാനത്തെ മരുന്നു വ്യാപാര മേഖലയിൽ അനാരോഗ്യകരമായ ഇടപെടൽ നടത്തുന്ന എ.കെ.സി.ഡി.എ. എന്ന സംഘടനയുടെ പ്രവർത്തനങ്ങൾ വളരെ ഗുരുതരമായ ഒരു പ്രശ്നമാണെന്നും പ്രസ്തുത സംഘടനയുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനുള്ള സർക്കാർ നടപടികൾക്കെതിരായി ഹൈക്കോടതിയിൽ നിന്നും സംഘടന സ്റ്റേ വാങ്ങിയിട്ടുണ്ടെന്നും ജനറിക് മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യുക എന്ന നയം ഇല്ലാതാക്കുക എന്നതാണ് ഈ സംഘടനയുടെ ഉദ്ദേശമെന്നും ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

മരുന്നു വിപണന മേഖലയിൽ അനാരോഗ്യകരമായ ഇടപെടൽ നടത്തി മരുന്നു വില്പന മേഖലയിൽ സർക്കാർ ഇടപെടൽ തകർക്കുക എന്ന ഉദ്ദേശത്തോടുകൂടി പ്രവർത്തിക്കുന്ന എ.കെ.സി.ഡി.എ.-യുടെ രജിസ്ട്രേഷൻ റദ്ദാക്കാനുള്ള വ്യവസ്ഥ ഉണ്ടോ എന്നും ഹൈക്കോടതിയുടെ സ്റ്റേ നീക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഇത് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സംഘടനയായ തിനാൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ പിന്നീട് രജിസ്ട്രേഷൻ റദ്ദാക്കാൻ കഴിയില്ലെന്നും

രജിസ്റ്ററിൽനിന്നും നീക്കം ചെയ്യുവാൻ മാത്രമേ സാധിക്കുകയുള്ളൂ എന്നും രജിസ്ട്രേഷൻ നിലനിൽക്കുമെന്നും, ഇങ്ങനെയുള്ള സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനാവശ്യമായ പ്രൊവിഷൻസ് ഉൾപ്പെടുത്തി നിയമ ഭേദഗതി വരുത്തേണ്ടതാണെന്നും രജിസ്ട്രേഷൻ ഐ.ജി. മറുപടി നൽകി.

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തതിനുശേഷം മൊമ്മോറാണ്ടം ഓഫ് അസോസിയേഷനു വിരുദ്ധമായി പ്രവർത്തിക്കുകയും, ആന്റി സോഷ്യൽ ആക്ടിവിറ്റീസ് നടത്തുകയും ചെയ്താൽ രജിസ്ട്രേഷൻ റദ്ദാക്കാനുള്ള ഒരു പ്രൊവിഷൻ പ്രസ്തുത ആക്ടിൽ വരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1908 മുതലുളള കേന്ദ്ര ആക്ടായതിനാൽ ഭേദഗതിക്കായുള്ള പ്രസിഡന്റിന്റെ അംഗീകാരത്തിന് നൽകിയിരിക്കുകയാണെന്നും നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

മരുന്നു കമ്പനികൾ വൻ മാഫിയകളാണെന്നും ഗവൺമെന്റ് ഏജൻസികളിൽപ്പോലും വില കുറച്ച് മരുന്ന് വിൽക്കാൻ സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും സമിതി വിലയിരുത്തി. മരുന്നുകളുടെ വിൽപ്പനമേഖലയിൽ ഗവൺമെന്റിന്റെ പങ്ക് പത്ത് ശതമാനവും, സ്വകാര്യമേഖലയുടെ പങ്ക് തൊണ്ണൂറ് ശതമാനവുമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

സർക്കാരിനും മാവേലി മെഡിക്കൽ സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങൾക്കും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ വിതരണം ചെയ്യുന്ന ഉൽപ്പാദകരെ ബ്ലാക്ക് ലിസ്റ്റിൽ പെടുത്തുമെന്ന തരത്തിലുള്ള ഭീഷണികൾ ഉൾപ്പെടെ ഗവൺമെന്റിനെ വെല്ലുവിളിക്കുന്ന തരത്തിൽ എ.കെ.സി.ഡി.എ.-യുടെ ഭാഗത്ത് നിന്നുണ്ടാകുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഗൗരവമായ നടപടി സ്വീകരിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

രജിസ്ട്രേഷൻ റദ്ദു ചെയ്യാനുള്ള നടപടികൾക്കെതിരെയുള്ള ഹൈക്കോടതിയുടെ സ്റ്റേ നീക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്നും, സ്റ്റേ കൊടുക്കാനുള്ള കാരണം എന്താണെന്ന് പരിശോധിക്കണമെന്നും ഈ വിഷയത്തിൽ സർക്കാരിന് എന്തെങ്കിലും നടപടിയെടുക്കാൻ സാധിക്കുമെങ്കിൽ അതിനുള്ള സാധ്യത പരിശോധിച്ച് നിയമവകുപ്പ് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു. രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പംതന്നെ ഈ സംഘടനാ ഭാരവാഹികളുടെ ഇടപെടലിനെക്കുറിച്ചും ഈ സംഘടനയുടെ വാർഷിക ഓഡിറ്റ് റിപ്പോർട്ടിനെക്കുറിച്ചും രജിസ്ട്രേഷൻ ഐ.ജി. അന്വേഷിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു. ഈ സംഘടനയുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് പ്രൊവിഷനില്ലെങ്കിൽ പിന്നെ എങ്ങനെയാണ് നോട്ടീസ് കൊടുത്തതെന്ന് സമിതി ആരാഞ്ഞു. നിയമപരമായി നടക്കാത്തതുകൊണ്ട് ടാക്സസ് സെക്രട്ടറിക്ക് ഡി.ഒ. ലെറ്റർ നൽകിയാണ് ചെയ്തിരിക്കുന്നതെന്നും നിയമപരമായി നിൽക്കില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് നോട്ടീസ് കൊടുത്തതെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

മരുന്ന് വിലവർദ്ധനവിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപ്പെട്ട് ധാരാളം കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമെന്നും ഡ്രഗ്സ് ആൻഡ് കോസ്മറ്റിക്സ് ആക്ട് അനുസരിച്ച് ഡ്രഗ് ഇൻസ്പെക്ടർമാർക്ക് കമ്പനികളുടെ പ്രിമൈസസ്സിൽ കയറി പരിശോധിക്കുന്നതിനും, കോമ്പിനേഷനിൽ മാറ്റം വരുത്തി ഉൽപ്പാദിപ്പിച്ച മരുന്നുകൾ വിൽക്കുന്നതിനെതിരെ നടപടികൾ എടുക്കുന്നതിനും, ക്വാളിറ്റി ചെക്ക് ചെയ്യാനുമുള്ള അധികാരമുണ്ടെന്നും ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടി എടുക്കണമെന്നും മരുന്ന് വിലവർദ്ധനവിന്റെ കാര്യത്തിൽ സർക്കാർ ഇടപെടണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ജനറിക് ഡ്രഗ്സ് കൂടുതൽ ഉപയോഗിക്കുകയും പുറത്തേക്ക് മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യാൻ പാടില്ലെന്ന നിലപാട് ഗവൺമെന്റ് ഡോക്ടർമാർ സ്വീകരിക്കുകയും ചെയ്താൽ മരുന്ന് വിലവർദ്ധനയിൽ കാര്യമായ കുറവുണ്ടാകുമെന്നും ആയതിനായി ഡോക്ടർമാരുടെ സംഘടനകളുടെ ശക്തമായ പിന്തുണ ഉണ്ടാകണമെന്നും ആര്യോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ക്യാൻസർ, വൃക്കരോഗങ്ങൾ തുടങ്ങിയ മാരകമായ അസുഖങ്ങൾക്കുള്ള മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഔട്ട്ലറ്റുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള സാധ്യത സമിതി ആരാഞ്ഞു.

ഈ വർഷം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും എല്ലാ ജില്ലാ ആശുപത്രികളിലും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഔട്ട്ലറ്റുകൾ വഴി മരുന്നുകൾ വിതരണം ചെയ്യുന്നതാണെന്നും അതിനായി 35 ആശുപത്രികൾ ഐഡന്റിഫൈ ചെയ്തിട്ടുണ്ടെന്നും ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

രക്തസമ്മർദ്ദംപോലുള്ള ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകൾ ജനങ്ങൾ കൂടിയ അളവിൽ വാങ്ങുന്നതിനാൽ അവരെയും മരുന്ന് കമ്പനികൾ ചൂഷണം ചെയ്യുന്നതായി സമിതി വിലയിരുത്തി. ഡ്രഗ് പ്രൈസ് കൺട്രോൾ ഓർഡറിൽ ഉൾപ്പെടുത്തിയിരിക്കുന്ന മരുന്നുകളുടെ എണ്ണം കൂട്ടാനുള്ള നടപടി കേന്ദ്രഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുകയാണെന്ന് ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

ഇക്കാര്യത്തിൽ വളരെയധികം നിയമപ്രശ്നങ്ങളുള്ളതിനാൽ മരുന്ന് വിലവർദ്ധന നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച് നിയമവകുപ്പ് സെക്രട്ടറിയും ആരോഗ്യവകുപ്പ് സെക്രട്ടറിയും സംയുക്തമായി ചർച്ച ചെയ്തശേഷം സമിതിക്ക് ഒരു സമ്മറി റിപ്പോർട്ട് നൽകണമെന്നും രജിസ്ട്രേഷൻ റദ്ദാക്കിയ നടപടിയ്ക്കാണ് സ്റ്റേ നൽകിയിരിക്കുന്നതെന്നും സ്റ്റേ നിലനിൽക്കേതന്നെ മറ്റേതെങ്കിലും വിധത്തിൽ ഈ സംഘടനയെ നിയന്ത്രിക്കാൻ കഴിയുമോയെന്ന് പരിശോധിക്കണമെന്നും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് കേന്ദ്ര നിയമമാണെങ്കിലും അതിന്റെ റൂൾസിൽ ഭേദഗതി വരുത്താൻ സാധിക്കുമോ എന്നത് സംബന്ധിച്ച് നിയമവകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു. ഈ റിപ്പോർട്ടുകൾ ലഭിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സമിതി തീരുമാനിച്ചു.

2. ആൽക്കഹോളിന്റെ ഉപയോഗവും അനുബന്ധ രോഗങ്ങളും സംബന്ധിച്ച്

(ഫ. നമ്പർ 14544/സബ്.സി.ഇ2/94/ലെജി.)

മദ്യപാനം മൂലമുള്ള മാനസികപ്രശ്നങ്ങൾ, സാമൂഹ്യമേഖലയിലുണ്ടാകുന്ന പ്രതിഫലനം, മദ്യപാനം കൊണ്ടുണ്ടാകുന്ന സാമ്പത്തിക നഷ്ടം, ആശുപത്രികളിൽ വരുന്ന രോഗികളിൽ എത്രപേർക്കാണ് മദ്യപാനംമൂലം രോഗമുണ്ടാകുന്നത് എന്നിങ്ങനെ നാല് തലത്തിലുള്ള പഠനം നടത്താൻ ഉദ്ദേശിക്കുന്നതായും ഇതിൽ ഏത് മേഖലയ്ക്കാണ് പ്രാമുഖ്യം നൽകേണ്ടതെന്ന് സമിതി അഭിപ്രായപ്പെടണമെന്നും എക്സൈസ് ജോയിന്റ് കമ്മീഷണർ അറിയിച്ചു.

നമ്മുടെ സമൂഹത്തിലെ ഏറ്റവും വലിയ വിപത്തായ മദ്യപാനത്തിനെതിരെ ബോധവൽക്കരണം വേണ്ട വിധത്തിൽ നടന്നിട്ടില്ലെന്ന് സമിതി വിലയിരുത്തി. ആയതിനാൽ മദ്യപാനത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങൾക്ക് അവബോധമുണ്ടാക്കേണ്ടത് സമൂഹത്തോടുള്ള ബാധ്യതയാണെന്നും മദ്യപാനം സമൂഹത്തിലും വ്യക്തിയിലും കുടുംബത്തിലും ആരോഗ്യരംഗത്തും വരുത്തുന്ന ദോഷവശങ്ങളെക്കുറിച്ച് എല്ലാ മേഖലകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ പഠനം നടത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഇന്ത്യയിൽ മൊത്തം ചെലവാകുന്ന മദ്യത്തിന്റെ 15% കേരളത്തിലും 14% പഞ്ചാബിലുമാണ് വിറ്റഴിയുന്നതെന്നും 5% ജനത 30% കുടിച്ച് തീർക്കുന്നതായും ഇന്ത്യയിൽ വിറ്റഴിക്കുന്ന അലോപ്പതി മരുന്നിന്റെ 20% ഉപയോഗിക്കുന്നത് കേരളീയരാണെന്നും സമിതി നിരീക്ഷിച്ചു. ആയതിനാൽ ആരോഗ്യവകുപ്പ് തയ്യാറാക്കുന്ന പൈലറ്റ് പ്രോഗ്രാമിന്റെയും അസസ്മെന്റിന്റേയും അടിസ്ഥാനത്തിൽ ഒരു സാമൂഹ്യ പ്രശ്നമെന്ന നിലയിൽ മന്ത്രിതലത്തിൽ ഇത് സംബന്ധിച്ച് ചർച്ച ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

എക്സൈസ് വകുപ്പ് കഴിഞ്ഞ വർഷം ബോധവൽക്കരണവും പാൻപരാഗിനെതിരായി ഫോട്ടോ എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായതായി സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം അറിയിച്ചു. പാൻപരാഗിന്റെ ഉപയോഗം ആരോഗ്യത്തേയും ഫെർട്ടിലിറ്റിയെയും ബാധിക്കുമെന്ന ശാസ്ത്രീയാടിസ്ഥാനത്തിലുള്ള ബോധവൽക്കരണം നടത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു. പാൻപരാഗ് ഉൾപ്പെടെയുള്ള ഭക്ഷ്യപദാർത്ഥങ്ങളുടെ നിർവചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ഇത് പരിശോധിക്കുന്നതിനുള്ള അധികാരം പോലീസിന് മാത്രമാണെന്നും ആയതിനാൽ ഇതിന്റെ പരിശോധനയിൽ എക്സൈസ് വകുപ്പിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്നും എക്സ്-ഒഫീഷ്യോ അംഗം തുടർന്നറിയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ലഹരി വസ്തുക്കളും പരിശോധിക്കുന്നതിന് എക്സൈസ് വകുപ്പിനെക്കൂടി ചുമതലപ്പെടുത്തുന്ന കാര്യം പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. മദ്യപിച്ച് വണ്ടിയോടിച്ച് അപകടങ്ങൾ ഉണ്ടാകുന്നത് വർദ്ധിച്ചുവരികയാണെന്ന് നിരീക്ഷിച്ച സമിതി നഗരങ്ങളിലെ എല്ലാ കവാടങ്ങളിലും ബ്രീത്ത് അനലൈസർ വച്ച് പരിശോധന നടത്തണമെന്നും മദ്യപിച്ച് വണ്ടിയോടിക്കുന്ന കേസുകളിലെ പെറ്റിറേറ്റ് ഉയർത്തണമെന്നും അഭിപ്രായപ്പെട്ടു.

സമിതിയുടെ താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2007-08)
   (ഫയൽ നമ്പർ 13339/സബ്.സി.ഇ2/07/ലെജി.)
   ഖണ്ഡിക നമ്പർ 19 (കായികയുവജനകാര്യ വകുപ്പ്)

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)
   (ഫയൽ നമ്പർ 14962/സബ്.സി.ഇ2/12/ലെജി.)
   ഖണ്ഡിക നമ്പർ 1, 2, 3 (നികുതി വകുപ്പ്)

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)
   (ഫയൽ നമ്പർ 4889/സബ്.സി.ഇ2/11/ലെജി.)
   ഖണ്ഡിക നമ്പർ 16, 17 (പൊതുഭരണവകുപ്പ്)

   19-20-(കായികയുവജനകാര്യ വകുപ്പ്)

ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെന്റുകൾ ലഭ്യമാക്കാനുള്ള വകുപ്പുകൾ 21-7-2012-നകം സ്റ്റേറ്റുമെന്റുകൾ നൽകണമെന്നും ആയവ ആക്ഷൺ ടേക്കൺ റിപ്പോർട്ടിൽ ഉൾപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

സമിതി 2011-12 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ചട്ടം 236(6) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് ഭേദഗതി കൂടാതെ അംഗീകരിച്ചു.

തുടർന്ന് സമിതി സ്വർണ്ണത്തിന്റെ നികുതി ഘടനയിലുണ്ടായ വ്യത്യാസം സംബന്ധിച്ച് ചർച്ച ചെയ്തു. സ്വർണ്ണത്തിന്റെ ടാക്സ് റേറ്റ് സംബന്ധിച്ച ഒരു താരതമ്യപഠനം നടത്തേണ്ടതുണ്ടെന്നും ടാക്സ് ആദ്യം 4% ആയിരുന്നുവെന്നും പിന്നീട് അത് 1 % ആയി കുറയ്ക്കുകയും ഇപ്പോൾ വീണ്ടും 4% ആയി കൂട്ടിയിരിക്കുകയാണെന്നും ടാക്സ് റേറ്റ് കൂടുമ്പോഴും കുറയുമ്പോഴും ടേൺ ഓവറിലും നികുതി വരുമാനത്തിലും വരുന്ന വ്യതിയാനം പഠന വിഷയമാക്കേണ്ടതാണെന്നും സമിതി അറിയിച്ചു. സ്വർണ്ണത്തിന്റെ നികുതി കൂട്ടുകയും കുറയ്ക്കുകയും ചെയ്തതിന്റെ ഇംപാക്ട് ടേൺ ഓവറിലുള്ള വ്യതിയാനം, നികുതിനിരക്ക് കൂടി നിൽക്കുന്നതു കൊണ്ട് നികുതി വെട്ടിപ്പ് ഉണ്ടാകുന്നുണ്ടോ വരുമാനം കുറയുന്നുണ്ടോ എന്നിവ സംബന്ധിച്ച് ഒരു വിശദീകരണകുറിപ്പ് നികുതി വകുപ്പ് സമിതി അംഗങ്ങൾക്ക് ലഭ്യമാക്കണമെന്ന് സമിതി ചെയർമാൻ നിർദ്ദേശിച്ചു.

തുടർന്ന് സമിതിയുടെ അടുത്തയോഗം 2012 ജൂലൈ 12-ാം തീയതി സഭ പിരിഞ്ഞതിനുശേഷം ചേരാൻ തീരുമാനിച്ചു.

സമിതിയോഗം വൈകുന്നേരം 4.45-ന് പിരിഞ്ഞു.

## 5. 12-7-2012-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെയും ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെയും സംയുക്തയോഗം 2012 ജൂലൈ 12 വ്യാഴാഴ്ച സഭ പിരിഞ്ഞതിനുശേഷം നിയമസഭാ കോംപ്ലക്സിലെ 'IV A' കോൺഫറൻസ് ഹാളിൽ സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെയും V-ന്റെയും എക്സ്-ഒഫീഷ്യോ അംഗം ബഹു. എക്സൈസും തുറമുഖവും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു, സബ്ജക്റ്റ് കമ്മിറ്റി V-ന്റെ ചെയർമാൻ, ബഹു. മരാമത്തു വകുപ്പുമന്ത്രി ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് എന്നിവരും തദവസരത്തിൽ സന്നിഹിതരായിരുന്നു. താഴെപ്പറയുന്ന അംഗങ്ങളും യോഗത്തിൽ ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ എം. പി. അബ്ദുസ്സമദ് സമദാനി, എം. എൽ. എ.
2. ,, വി. ചെന്താമരാക്ഷൻ, ,,
3. ,, മുല്ലക്കര രത്നാകരൻ, ,,
4. പ്രൊഫ. സി. രവീന്ദ്രനാഥ്, ,,
5. ശ്രീ. വി. ഡി. സതീശൻ, ,,
6. ,, എം. പി. വിൻസെന്റ്, ,,
7. ,, ബാബു എം. പാലിശ്ശേരി, ,,
8. ,, എ. പ്രദീപ്കുമാർ, ,,
9. ,, ജോസ് തെറ്റയിൽ, ,,
10. ,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ,,
11. ശ്രീമതി കെ. കെ. ലതിക, ,,
12. ശ്രീ. കെ. മുരളീധരൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി
2. ,, എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. വി. പി. ജോയി, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ,, എ. അജിത് കുമാർ, സെക്രട്ടറി, നികുതി വകുപ്പ്
3. ,, ആർ. കെ. അഗർവാൾ, കമ്മീഷണർ ഓഫ് ടാക്സസ്
4. ,, സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
5. ,, എൻ. കേശവൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
6. ,, എസ്. പത്മനാഭപിള്ള, അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്.

സമിതി 2012-ലെ കേരള ധനകാര്യ ബിൽ ഖണ്ഡംഖണ്ഡമായി പരിഗണിച്ച് വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

*Clause 1*

For clause 1, the following clause shall be substituted, namely:—

"1. *Short title and Commencement*.—(1) This Act may be called the Kerala Finance Act, 2012.

(2) Save as otherwise provided in this Act, sub-section (2) of section 8 shall come into force at once and the remaining provisions of this Act shall be deemed to have come into force on the 1st day of April, 2012.".

*Clause 7*

(1) The entries against Sl. No. 3 under column (2) of the table under clause (a) of sub-section (1) of section 6 of the Kerala Value Added Tax Act, 2003, proposed to be substituted by sub clause (2) (a) (i), for the words "such as" the word "excluding" shall be substituted.

(2) For sub-clause (2) (a) (vi) the following shall be substituted;

"(vi) for the fourth proviso, the following proviso shall be substituted, namely:—

"Provided also that in respect of works contracts executed,—

(i) under the Sampurna Gramin Rosghar Yojana or the Beneficiary Committees using the Member of Parliament/Member of Legislative Assembly Funds or Natural Calamity Relief Funds or Sarva Siksha Abhiyan Funds or Funds of Local Authorities or Command Area Development Authority and OFD Works through Beneficiary Farmers' Associations or Karshaka Samithy where the total amount in respect of individual contract does not exceed ten lakh rupees, the tax payable under Clause (f) above shall be five per cent;

(ii) under the Jalanidhi Project (KRWSA), the tax payable under clause (f) above shall be four per cent irrespective of the total amount in respect of the individual contract ;

and the Beneficiary Committees shall be entitled to receive payment even without taking registration under the Act.";".

(3) In sub-clause (2) (a) (vii) for the words "fourteen numbers of subsidiary canteens", the words "one subsidiary canteen each" shall be substituted.

(4) For sub-clause (5) the following shall be substituted;

"(5) in section 12,—

(a) in sub-section (1) in the third proviso, for the words "four per cent", the words "five per cent" shall be substituted;

(b) to sub-section (2), the following proviso shall be added, namely:—

"Provided that notwithstanding anything contained in this Act, a manufacturer of medicines who have opted for payment of compounded tax under clause (e) of section 8 shall be eligible for special rebate of the tax paid under sub-section (2) of section 6 of this Act on the purchase of raw materials with effect on and from the 1st day of April, 2005.";".

(5) After sub-clause (12)(c)(ix) the following sub-item shall be inserted as sub-item (x) and the remaining sub-items shall be renumbered accordingly;

"(x) in serial number 83, after item 59 in column (1) and the entries against it in columns (2) and (3), the following item entry and Note shall, respectively, be inserted, namely:—

"60. Machinery for Photography *** "

"*Note*:— This entry shall be deemed to have come into force on the 1st day of July, 2006 and ceased to operate on the 23rd day of October 2006.";".

*Clause 8*

(1) After sub-clause (1) the following sub-clauses shall be inserted, namely:—

"(2) after sub-section (2), the following sub-section shall be inserted, namely:—

"(2A) There shall be levied and collected from the Kerala State Beverages (Manufacturing and Marketing) Corporation Limited, a cess at the rate of one per cent on the tax payable by them under clause (b) of sub-section (1) of

section 5 of the Kerala General Sales Tax Act, 1963 (15 of 1963) to be called a Medical Cess to fulfill the commitment of the Government to provide generic medicine free of cost to the patients of the Government Hospitals, who are not income tax payers. The cess so collected shall be in addition to the cess collected under sub-section (1).";

(3) for sub-section (3), the following sub-section shall be substituted, namely:—

"(3) The Government may after due appropriation made by the Legislature by law in this behalf utilise such sum of money of *Social Security Cess* and the *Medical Cess* for the purposes specified in sub-section (1) or in sub-section (2A), as the case may be.".".

(2) Sub-clause (2) shall be renumbered as sub-clause (4) and the entries thereon shall be substituted with the following entries:—

"(2) in sub-section (4),—

(i) the words, figures and brackets "section 30 of the Kerala Value Added Tax Act, 2003 (30 of 2004) and" shall be omitted;

(ii) for the words, figure and bracket "sub-section (1)", the words, figures, letter and bracket "sub-sections (1) and (2A)" shall be substituted;".

(3) Sub-clause (3) shall be renumbered as sub-clause(5).

തുടർന്ന് സമിതി കേരളത്തിലെ സ്വർണ്ണവ്യാപാര മേഖലയിലെ നികുതി ഘടന, വരുമാനം, വാർഷിക വിറ്റുവരവ് എന്നിവ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സ്വർണ്ണത്തിന്മേലുള്ള നികുതി നിരക്ക് കൂടുതലാണെന്നും ആയതിനാൽ നികുതി വെട്ടിപ്പ് വ്യാപകമാണെന്നും, നികുതി നിരക്ക് വർദ്ധിപ്പിച്ചെങ്കിലും ഗവൺമെന്റിന് വരുമാനം കൂടുന്നില്ലെന്നും സമിതി വിലയിരുത്തി. കഴിഞ്ഞ ഒരു വർഷം കൊണ്ട് സ്വർണ്ണത്തിനുണ്ടായിരിക്കുന്ന വിലവർദ്ധനവിന് ആനുപാതികമായി ടേൺ ഓവറിലും ഇതിൽ നിന്നുള്ള നികുതി വരുമാനത്തിലും വർദ്ധനവ് ഉണ്ടായിട്ടില്ലെന്നാണ് കണക്കുകൾ കാണിക്കുന്നതെന്നും അയൽ സംസ്ഥാനങ്ങളിൽ നികുതി 1% ആയതിനാൽ കേരളത്തിലെ സ്വർണ്ണ വ്യാപാരം അയൽ സംസ്ഥാനങ്ങളിലേക്ക് മാറിയതോ, നികുതി വെട്ടിപ്പോ ഇതിനു കാരണമാകാമെന്നും ഇത് സംബന്ധിച്ച് അടിയന്തരമായി ഒരു പഠനം നടത്തേണ്ടതാണെന്നും ഈയിനത്തിൽ ഇപ്പോൾ കിട്ടുന്ന വരുമാനത്തേക്കാൾ കൂടുതൽ വരുമാനം ലഭിക്കുവാൻ ഈ ശൃംഖല കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്നും സമിതി തുടർന്നഭിപ്രായപ്പെട്ടു.

ആയതിനാൽ സംസ്ഥാനത്തെ സ്വർണ്ണ വ്യാപാരത്തിൽ നിന്നുള്ള നികുതി വരുമാനം കുറയുന്നത് സംബന്ധിച്ച് വസ്തുനിഷ്ഠവും വിശദവുമായ പഠനം നടത്തേണ്ടതാണെന്നും ഇതിനായി അയൽ സംസ്ഥാനങ്ങളിലെ സ്വർണ്ണത്തിന്മേലുള്ള നികുതി

നിരക്കും ഘടനയും നികുതി ഈടാക്കുന്ന രീതിയും, കേരളത്തിൽ സ്വർണ്ണത്തിന് കഴിഞ്ഞ വർഷങ്ങളിലെ വിലവർദ്ധനവിന് അനുസരിച്ച് ടേൺ ഓവറിലും നികുതി വരുമാനത്തിലും ഉണ്ടായ വർദ്ധനവ്, മുൻകാലങ്ങളിലെ അപേക്ഷിച്ച് ആനുപാതിക മായി ടേൺ ഓവറിലും നികുതി വരുമാനത്തിലും വർദ്ധനവ് വന്നില്ലെങ്കിൽ ഇതിനു കാരണം സ്വർണ്ണവ്യാപാരം സംസ്ഥാനത്ത് നിലനിർത്തി നികുതിവരുമാനം കൂട്ടുന്നതിനും നികുതിവെട്ടിപ്പ് ഒഴിവാക്കുന്നതിനും പുതിയ നികുതിഘടനയ്ക്കുള്ള നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷനു കീഴിൽ പഠനംനടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ നികുതി വകുപ്പിനോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ്, സർവ്വശ്രീ ജോസ് തെറ്റയിൽ, വി. ചെന്താമരാക്ഷൻ, മുല്ലക്കര രത്നാകരൻ, ബാബു എം. പാലിശ്ശേരി, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) എന്നീ അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

സമിതിയോഗം ഉച്ചയ്ക്ക് 1.00-ന് അവസാനിച്ചു.

## 6. 7-11-2012-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII 2012 നവംബർ 7-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ 'IV-എ' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. എക്സൈസും, തുറമുഖവും, മത്സ്യബന്ധനവും വകുപ്പു മന്ത്രി ശ്രീ. കെ. ബാബുവും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീ. വി. ചെന്താമരാക്ഷൻ, എം.എൽ.എ.
2. ശ്രീ. മുല്ലക്കര രത്നാകരൻ, ,,
3. പ്രൊഫ. സി. രവീന്ദ്രനാഥ്, ,,
4. ശ്രീ. വി. ഡി. സതീശൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. പി. ജോയി, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
2. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, നികുതി വകുപ്പ്.
3. ശ്രീ. രബീന്ദ്ര അഗർവാൾ, കമ്മീഷണർ, നികുതി വകുപ്പ്.
4. ശ്രീ. കെ. ആർ. വിവേകാനന്ദ്, ഐ. ജി. രജിസ്ട്രേഷൻ (മോഡേണൈസേഷൻ) വകുപ്പ്.
5. ശ്രീ. സി. രഘു, ഐ. ജി., രജിസ്ട്രേഷൻ വകുപ്പ്.
6. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.
7. ശ്രീ. എൻ. കേശവൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
8. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
9. ശ്രീ. പ്രശാന്ത്, എൻ., അഡീഷണൽ എക്സൈസ് കമ്മീഷണർ.
10. ശ്രീ. ആർ. കെ. ശ്രീകുമാരൻ, ജോയിന്റ് എക്സൈസ് കമ്മീഷണർ.

സമിതി താഴെപ്പറയുന്ന കരടുചട്ടം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു:

ദി ജനറൽ പ്രൊവിഡന്റ് ഫണ്ട് (കേരള) അമെന്റ്മെന്റ് റൂൾസ്, 2012.

(ഫ. നമ്പർ 2977/സബ്.സി.ഇ.2/2012/ലെജി.)

(റഫ. നമ്പർ 1735/പി.എഫ്.3/12/ഫിൻ. തീയതി 1-6-2012).

സമിതിയുടെ സൂക്ഷ്മപരിശോധന കൂടാതെ താഴെപ്പറയുന്ന എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിക്കാനിടയായ സാഹചര്യം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ വിശദീകരണക്കുറിപ്പ് സമിതി അംഗീകരിക്കുകയും വിജ്ഞാപനങ്ങൾക്ക് സാധൂകരണം നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു:

(ഫ. നമ്പർ 3250/സബ്.സി.ഇ.2/2012/ലെജി.)

(റഫ. നമ്പർ 731/ജി.1/2011/ടി.ഡി. തീയതി 20-6-2012).

1. ദി കേരള അബ്കാരി ഷോപ്സ് ഡിസ്പോസൽ (അമെന്റ്മെന്റ്) റൂൾസ്, 2010.

   SRO. No. 256/2010, G.O.(P) No. 62/2010/TD. Dated 12-3-2010.

   SRO. No. 670/2010, G.O.(P) No. 175/2010/TD. Dated 6-7-2010.

   SRO. No. 821/2010, G.O.(P) No. 212/2010/TD. Dated 16-8-2010.

2. ദി ഫോറിൻ ലിക്വർ (അമെന്റ്മെന്റ്) റൂൾസ്, 2010.

SRO. No. 266/2010, G.O.(P) No. 67/2010/TD. Dated 15-3-2010.

SRO. No. 359/2010, G.O.(P) No. 100/2010/TD. Dated 7-4-2010.

SRO. No. 671/2010, G.O.(P) No. 176/2010/TD. Dated 6-7-2010.

SRO. No. 724/2010, G.O.(P) No. 195/2010/TD. Dated 21-7-2010.

SRO. No. 796/2010, G.O.(P) No. 208/2010/TD. Dated 10-8-2010.

3. ദി കേരള റെക്ടിഫൈഡ് സ്പിരിറ്റ് (അമെന്റ്മെന്റ്) റൂൾസ്, 2010.

SRO. No. 345/2010, G.O.(P) No. 97/2010/TD. Dated 3-4-2010.

4. ദി കേരള അബ്കാരി (ഡിസ്പോസൽ ഓഫ് കോൺഫിസ്കേറ്റഡ് ആർട്ടിക്കിൾസ്) അമെന്റ്മെന്റ് റൂൾസ്, 2010.

SRO. No. 502/2010, G.O.(P) No. 133/2010/TD. Dated 24-5-2010.

5. ദി ബ്രൂവറി (അമെന്റ്മെന്റ്) റൂൾസ്, 2010.

SRO. No. 581/2010, G.O.(P) No. 148/2010/TD. Dated 15-6-2010.

6. ദി ഫോറിൻ ലിക്വർ (കോമ്പൗണ്ടിംഗ്, ബ്ലെൻഡിംഗ് ആന്റ് ബോട്ടിലിംഗ്) അമെന്റ്മെന്റ് റൂൾസ്, 2010.

SRO. No. 1095/2010, G.O.(P) No. 272/2010/TD. Dated 29-11-2010.

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയ്ക്ക് 24-4-2012-ൽ ചേർന്ന സമിതിയോഗത്തിൽ രജിസ്ട്രേഷൻ വകുപ്പുമേധാവി ഹാജരാകാതിരുന്നത് സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞതിനു സർക്കാർ ലഭ്യമാക്കിയ മറുപടി സമിതി പരിഗണിക്കുകയും രജിസ്ട്രേഷൻ വകുപ്പുമേധാവി പെട്ടെന്നുണ്ടായ അസുഖത്തെത്തുടർന്നാണ് പ്രസ്തുത യോഗത്തിൽ ഹാജരാകാതിരുന്നതെന്ന് കാണിച്ചുകൊണ്ടുള്ള വിശദീകരണ കത്തും മെഡിക്കൽ സർട്ടിഫിക്കറ്റും വകുപ്പിൽ ഹാജരാക്കുകയും അത് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതായി നികുതിവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചതിനെത്തുടർന്ന് മറുപടി അംഗീകരിക്കുകയും ചെയ്തു.

(ഫ. നമ്പർ 1529/സബ്.സി.ഇ2/12/ലെജി.)

(റഫ. നമ്പർ 7658/ഇ3/12/നിവ. തീയതി 25-9-2012).

സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ഖണ്ഡികകളിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട് (2008-09)

   (ഫ. നമ്പർ 15478/സബ്.സി.ഇ2/08/ലെജി.)

   ഖണ്ഡിക നമ്പർ 1, 2, 3, 5 (നികുതി വകുപ്പ്).

2. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2010-11)

   (ഫ. നമ്പർ 14962/സബ്.സി.ഇ2/10/ലെജി.)

   ഖണ്ഡിക നമ്പർ 4 (നികുതി വകുപ്പ്).

3. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)

   (ഫ. നമ്പർ 4889/സബ്.സി.ഇ2/11/ലെജി.)

   ഖണ്ഡിക നമ്പർ 18 (റവന്യൂ വകുപ്പ്).

4. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)

   (ഫ. നമ്പർ 3077/സബ്.സി.ഇ2/12/ലെജി.)

   ഖണ്ഡിക നമ്പർ 8, 9, 10, 11, 12 (നികുതി വകുപ്പ്)

   14, 15 (ധനകാര്യ വകുപ്പ്).

എക്സൈസ് വകുപ്പിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ പഴക്കം ചെന്ന് ജീർണ്ണാവസ്ഥയിലായതിനാൽ പുതുക്കിപ്പണിയുന്നതിനും വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിനും അഞ്ചുകോടി രൂപ അനുവദിക്കുന്ന കാര്യം ധനകാര്യ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തതനുസരിച്ച് അസറ്റ്സ് മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി ആവശ്യമായ ഫണ്ട് അനുവദിക്കാമെന്ന് സമ്മതിച്ചിട്ടുണ്ടെന്ന് സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം അറിയിച്ചു.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടമുണ്ടാക്കുന്നതിനും, ജീർണ്ണാവസ്ഥയിലായ കെട്ടിടങ്ങളുടെ നവീകരണത്തിനും ആവശ്യമായ തുക വകയിരുത്തണമെന്നും, മറ്റുള്ളവയ്ക്ക് അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് അലോക്കേഷൻ തീരുന്നമുറയ്ക്ക് ആവശ്യമായ തുക അനുവദിക്കണമെന്നും ശുപാർശ ചെയ്യാമെന്ന് സമിതി ചെയർമാൻ അറിയിച്ചു.

മദ്യവിമുക്ത കേരളം പദ്ധതി, ഡി-അഡിക്ഷൻ സെന്ററുകൾക്ക് ഫണ്ട് അനുവദിക്കുന്ന കാര്യങ്ങൾ എന്നിവ 27-11-2012-ന് ചേരുന്ന യോഗത്തിൽ വിശദമായി ചർച്ച ചെയ്യാൻ തീരുമാനിച്ചു.

സമിതിയുടെ അടുത്ത യോഗം 27-11-2012-ന് ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് തിരുവനന്തപുരത്ത് വച്ച് ചേരുന്നതിനും, മദ്യാസക്തിക്കെതിരായ ബോധവൽക്കരണ പരിപാടികളെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.40 മണിക്ക് അവസാനിച്ചു.

## 7. 27-11-2012-ലെ തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII 2012 നവംബർ 27-ാം തീയതി, ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V-ഡി കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീ. വി. ചെന്താമരാക്ഷൻ, എം. എൽ. എ.
2. ശ്രീ. വി. ഡി സതീശൻ, ,,
3. ഡോ. ടി. എം. തോമസ് ഐസക്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. എസ്. തുളസീധരൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിവസ്തുക്കളുടെ ഉപയോഗം ഇല്ലായ്മ ചെയ്യുന്നതിന് വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ സമിതി വിശദമായി ചർച്ച ചെയ്തു.

മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പരിമിതപ്പെടുത്തി മദ്യവർജ്ജനം പ്രാവർത്തികമാക്കുകയാണ് സർക്കാർ നയമെന്നും, എക്സൈസ് വകുപ്പിനെ ഒരു വരുമാന സ്രോതസ്സായി കാണാതെ സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു സംവിധാന മാക്കി രൂപാന്തരം വരുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ ആരംഭിച്ചു കഴിഞ്ഞതായും, സമൂഹത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തി ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങൾക്ക് ഹേതുവാകുന്നത് വളരെ ഗൗരവത്തോടെയാണ് സർക്കാർ വീക്ഷിക്കുന്ന തെന്നും യോഗാദ്ധ്യക്ഷൻ ആമുഖമായി പറഞ്ഞു. മദ്യാസക്തി പ്രതിരോധിക്കുന്ന തിനായി വളരെയധികം നടപടികൾ സർക്കാർ സ്വീകരിച്ചതായി അദ്ദേഹം അറിയിക്കുകയും താഴെപ്പറയുന്ന ചില നടപടികൾ വിശദീകരിക്കുകയും ചെയ്തു.

1. മദ്യാസക്തിക്കെതിരായി ശക്തമായ ബോധവത്കരണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തി പുതിയ തലമുറയെ മദ്യ/മയക്കുമരുന്നുകളുടെ ഉപഭോഗത്തിലേക്ക് വഴുതിവീഴാതെ സംരക്ഷിക്കുന്നതിന് ഊന്നൽ നൽകുന്നു.
2. സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ ലഹരിപദാർത്ഥങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി 306 ലഹരി വിരുദ്ധ ക്ലബ്ബുകൾക്ക് രൂപം നൽകുകയും കൂടുതൽ ക്ലബ്ബുകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്തു.

3. ലോക ലഹരിവിരുദ്ധ ദിനമായ ജൂൺ 26 സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ വിപുലമായ തോതിൽ സെമിനാറുകളും/ചർച്ചകളും സമൂഹത്തിലെ നാനാതുറകളിൽപ്പെട്ട സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് സംഘടിപ്പിച്ചുവരുന്നു.

4. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 400 മീറ്റർ ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. പാൻമസാല തുടങ്ങിയ ലഹരിപദാർത്ഥങ്ങൾ സംസ്ഥാനത്ത് വിൽക്കുന്നത് നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

6. മദ്യപാനാസക്തി നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി 18-ൽ നിന്ന് 21 ആയി ഉയർത്തി.

7. പ്രായപൂർത്തിയായ ഒരു വ്യക്തിക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് നിലവിലുണ്ടായിരുന്ന 27.1 ലിറ്ററിൽനിന്ന് 15 ലിറ്ററായി നിജപ്പെടുത്തി.

8. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സർക്കാരിതര സംഘടനകൾ നടത്തുന്ന ഡി-അഡിക്ഷൻ സെന്ററുകൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ധസഹായം നൽകുവാൻ നടപടികൾ സ്വീകരിച്ചു.

9. മദ്യവിരുദ്ധ ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയ 20 ലക്ഷം രൂപ 2 കോടി രൂപയായി ഉയർത്തി.

10. ദൃശ്യ മാധ്യമം, സിനിമ എന്നിവയിൽ മദ്യപാന രംഗങ്ങൾക്കൊപ്പം നിയമപരമായി മുന്നറിയിപ്പ് പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ കൊണ്ടുവന്നു.

11. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനായി വിവിധ തലങ്ങളിലുള്ള ജനകീയ സമിതികൾ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു.

12. ലഹരിവിരുദ്ധ ബോധവൽക്കരണ പ്രചാരണപ്രവർത്തനങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ വൻതോതിൽ സംഘടിപ്പിച്ചുവരുന്നു.

13. ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് മദ്യനിരോധന സമിതിക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

മദ്യാസക്തി കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഡി-അഡിക്ഷൻ സെന്ററുകൾക്ക് സാമ്പത്തിക സഹായം നൽകണമെന്ന് ബിവറേജസ് കോർപ്പറേഷന്റെ ബോർഡ് മീറ്റിംഗിൽ തീരുമാനമെടുത്തിരിക്കുകയാണെന്നും ജില്ലാ കളക്ടർ, സാമൂഹ്യക്ഷേമ വകുപ്പ് ഓഫീസർ, ജില്ലാ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ, ജില്ലയിലെ ഒരു സാമൂഹ്യപ്രവർത്തകൻ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി എല്ലാ ജില്ലകളിലും രൂപീകരിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും യോഗാധ്യക്ഷൻ അറിയിച്ചു. കളമശ്ശേരി ഡി-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനത്തിന് 30 ലക്ഷം രൂപയുടെ സാമ്പത്തികസഹായം അനുവദിക്കുന്നതിന് നികുതിവകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചതായും സർക്കാർ അംഗീകൃത സ്വകാര്യ ഡി-അഡിക്ഷൻ സെന്ററുകൾക്കുകൂടി മാനദണ്ഡങ്ങൾക്കു വിധേയമായി സാമ്പത്തികസഹായം നൽകുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശം നൽകിയതായും അദ്ദേഹം തുടർന്ന് അറിയിച്ചു.

ഡി-അഡിക്ഷൻ സെന്ററുകളിൽ ചികിത്സ കഴിഞ്ഞശേഷം വീണ്ടും ആളുകൾ മദ്യപാനത്തിലേക്കു തിരിയുന്ന പ്രവണതയ്ക്ക് മാറ്റമുണ്ടാക്കാൻ മദ്യവർജ്ജനം എന്നതിനേക്കാൾ 'റെസ്പോൺസിബിൾ ഡ്രിങ്കിംഗ്' എന്ന ആശയം നടപ്പിലാക്കുന്നതാണ് കൂടുതൽ ഉചിതമെന്ന് സമിതി അഭിപ്രായപ്പെട്ടു.

പകൽസമയങ്ങളിലും വാഹനമോടിക്കുമ്പോഴും മദ്യപിക്കാൻ പാടില്ലെന്ന് കർശന നിർദ്ദേശം നൽകി റെസ്പോൺസിബിൾ ഡ്രിങ്കിംഗ് എന്ന ആശയം നടപ്പിലാക്കാവുന്നതാണെന്നും കുടുംബശ്രീ, സ്റ്റുഡന്റ്പൊലീസ്, എൻ.എസ്.എസ്. എന്നിവരെക്കൂടി പങ്കെടുപ്പിച്ച് ഒരു ക്യാമ്പയിൻ നടത്തുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

റെസ്പോൺസിബിൾ ഡ്രിങ്കിംഗിനെക്കുറിച്ച് ശിൽപ്പശാല നടത്തി മദ്യാസക്തി കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണമെന്നും മദ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുന്ന വ്യക്തികൾക്കും സംഘടനകൾക്കും അവാർഡുകൾ നൽകണമെന്നും സമിതി അംഗം നിർദ്ദേശിച്ചു. വ്യക്തികൾക്കും സംഘടനകൾക്കും ഇപ്പോൾ അവാർഡുകൾ നൽകി വരുന്നുണ്ടെന്നും അടുത്തവർഷം മുതൽ മദ്യവിരുദ്ധ പ്രവർത്തനങ്ങളിലേർപ്പെടുന്ന കൂടുതൽ ആളുകൾക്ക് അവാർഡ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അദ്ധ്യക്ഷൻ അറിയിച്ചു.

കൗമാരപ്രായക്കാർക്കിടയിൽ മയക്കുമരുന്നിന്റെ ഉപയോഗം ഗണ്യമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ അതിനെതിരായി ബോധവൽക്കരണം നടത്തേണ്ടത് അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തി.

തുടർന്ന് സമിതി ആഭ്യന്തരം, നികുതി, എക്സൈസ്, വനം-വന്യജീവി, വിദ്യാഭ്യാസം, ആരോഗ്യകുടുംബക്ഷേമം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ മുഖേന നടപ്പിലാക്കേണ്ട താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുകയും അംഗീകരിക്കുകയും മദ്യാസക്തിക്കെതിരായ ബോധവൽക്കരണം സംബന്ധിച്ച് തയ്യാറാക്കുന്ന പ്രത്യേക റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തു.

### I. ആഭ്യന്തരം/നികുതി/എക്സൈസ്

1. വിദേശ രാജ്യങ്ങളിൽനിന്നും അന്യ സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് മയക്കുമരുന്നുകൾ എത്തുന്നത് തടയുന്നതിനായി വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിലെ പരിശോധന കർശനമാക്കുക;
2. മദ്യ-മയക്കുമരുന്ന് റാക്കറ്റുകളെക്കുറിച്ചും മയക്കുമരുന്ന് കള്ളക്കടത്തിനെ കുറിച്ചും വേണ്ട വിവരങ്ങൾ നൽകുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി വ്യക്തികൾക്കും സംഘടനകൾക്കും പാരിതോഷികങ്ങൾ ഏർപ്പെടുത്തുക;
3. വാർഡ് മെമ്പർമാർ, എക്സൈസ്, ആരോഗ്യം, റവന്യൂ, പോലീസ് ഉദ്യോഗസ്ഥർ, അധ്യാപകർ, വ്യാപാരി സംഘടനാ പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവരെ ഉൾപ്പെടുത്തി പഞ്ചായത്ത്തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുക ;

4. വിദ്യാർത്ഥികൾ, യുവജനങ്ങൾ, കോളനി നിവാസികൾ എന്നിവർക്കിടയിൽ ജനകീയ ബോധവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുക;

5. ഏറ്റവും ഫലപ്രദമായ രീതിയിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന സന്നദ്ധ സാമൂഹ്യ സംഘടനകൾക്കും റെസിഡന്റ്സ് അസോസിയേഷൻ തുടങ്ങിയ ഏജൻസികൾക്കും സർക്കാർ തലത്തിൽ അവാർഡുകൾ നൽകുക;

6. മദ്യം, ലഹരിവസ്തുക്കൾ തുടങ്ങിയവമൂലമുണ്ടാകുന്ന വിപത്തുകളെ സംബന്ധിച്ചുള്ള ഡോക്യുമെന്ററി ഫിലിം നിർമ്മിക്കുകയും സ്കൂളുകൾ/ കോളേജുകൾ, സാമൂഹ്യ സ്ഥാപനങ്ങൾ എന്നിവ മുഖേന പ്രദർശിപ്പിക്കുകയും ചെയ്യുക;

7. മദ്യം, മയക്കുമരുന്ന് എന്നീ ലഹരിവസ്തുക്കൾക്കെതിരെയുള്ള പരസ്യങ്ങൾ സർക്കാർ വാഹനങ്ങളിലും തീവണ്ടികളിലും പ്രദർശിപ്പിക്കുക;

8. ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിൽ മദ്യത്തിനും ലഹരിമരുന്നുകൾക്കും അടിമപ്പെടുന്നതുകൊണ്ടുള്ള ദോഷവശങ്ങൾ ഉൾപ്പെടുന്ന ലഘു പരസ്യചിത്രങ്ങൾ പീക്ക് ടൈമിൽ ചലച്ചിത്രനടീനടന്മാരുടെ പങ്കാളിത്ത ത്തോടെ സംപ്രേഷണം ചെയ്യുക;

9. ഓരോ വർഷവും മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക മുൻവർഷത്തേക്കാൾ 50% കണ്ട് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്;

10. വ്യാജമദ്യ/ലഹരി വിരുദ്ധ നടപടികളുടെ ഭാഗമായി വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനവും പ്രവർത്തനങ്ങളുടെ മേൽനോട്ടവും നിയോജക മണ്ഡല അടിസ്ഥാനത്തിൽ നിയമസഭാംഗങ്ങൾക്ക് നൽകാവുന്നതാണ്.

## II. വനം-വന്യജീവി വകുപ്പ്

11. ഇടുക്കി, കോഴിക്കോട്, പത്തനംതിട്ട, വയനാട് തുടങ്ങിയ ജില്ലകളിലെ വനമേഖലകളിൽ ആയിരക്കണക്കിന് ഏക്കർ സർക്കാർ ഭൂമിയിൽ കഞ്ചാവ് കൃഷി നടത്തുന്നതായി റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു. ഈ കഞ്ചാവു തോട്ടങ്ങൾ നശിപ്പിക്കുന്നതിനായി വനം-വന്യജീവി, എക്സൈസ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിലുള്ള സ്ക്വാഡുകൾ ശക്തിപ്പെടുത്തുകയും ഇവരുടെ പ്രവർത്തനം സമയബന്ധിതമായി വിലയിരുത്തുകയും ചെയ്യുക.

## III. പൊതുവിദ്യാഭ്യാസം/ഉന്നതവിദ്യാഭ്യാസം

12. മദ്യലഹരി വിമുക്ത സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന പാഠഭാഗങ്ങൾ പ്രൈമറി തലം മുതൽ കോളേജ്തലം വരെയുള്ള പാഠപുസ്തകങ്ങളിൽ ഉൾപ്പെടു ത്തണമെന്ന് സമിതി തീരുമാനിച്ചു. ഈ തീരുമാനം നടപ്പിലാക്കുന്നതിനു വേണ്ട നടപടി അടുത്ത അദ്ധ്യയനവർഷം മുതൽ സ്വീകരിക്കണമെന്ന സമിതി തീരുമാനം വിദ്യാഭ്യാസ വകുപ്പിനെ അടിയന്തരമായി അറിയിക്കണ മെന്ന് സമിതി നിർദ്ദേശിച്ചു;

13. സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ മദ്യ/മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങൾ മനസ്സിലാക്കുന്നതിനായി വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ലഘു നാടകങ്ങൾ, പോസ്റ്റർ രചന, ഉപന്യാസമത്സരങ്ങൾ തുടങ്ങിയ കലാപരിപാടികൾ, ഫോട്ടോ പ്രദർശനം എന്നിവ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക;

14. സ്കൂളുകളിൽ അദ്ധ്യയന സമയത്തിനിടയ്ക്ക് കുട്ടികൾ സ്കൂൾ കോമ്പൗണ്ടിനു പുറത്തുപോകുന്നത് നിരുത്സാഹപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുക;

15. ലഹരിവിരുദ്ധ ക്ലബ്ബുകൾ എല്ലാ സ്കൂളുകളിലും നിർബന്ധമാക്കുക.

### IV. ആരോഗ്യ-കുടുംബക്ഷേമം

16. പ്ലസ്ടു തലംവരെ എല്ലാ സ്കൂളുകളിലും ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം ആഴ്ചയിലൊരിക്കൽ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും കുട്ടികൾക്ക് ആരോഗ്യ പരിശോധന നടത്തുകയും ചെയ്യുക;

17. റിസോഴ്സ് പേഴ്സൺസ്, സൈക്കോളജിസ്റ്റുകൾ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതല സമിതികൾ രൂപീകരിക്കുക;

18. എല്ലാ താലൂക്ക് ജില്ലാ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഡി-അഡിക്ഷൻ ക്ലീനിക്കുകൾ സ്ഥാപിക്കുന്നതിനും, ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുക;

19. ചില മരുന്നുകളോടൊപ്പം ലഹരിമരുന്ന് കലർത്തി വിൽപ്പന നടത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തുന്നതിനും വിപണനം തടയുന്നതിനും ഡ്രഗ്സ് കൺട്രോൾ വകുപ്പ് ശക്തമായ നടപടി സ്വീകരിക്കുക.

### V. തദ്ദേശസ്വയംഭരണ വകുപ്പ്

20. പാൻമസാലകൾ, ഖൈനി, ശംഭു തുടങ്ങിയ മദ്യലഹരി മിഠായികൾ വിൽക്കുന്നത് സംസ്ഥാനത്തൊട്ടാകെ നിരോധിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനം പാലിക്കപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുക, ഇത്തരം ഉൽപ്പന്നങ്ങൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കുക;

21. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമീപം ലൈസൻസ് ഇല്ലാതെ കടകളോ പെട്ടിക്കടകളോ ഫുട്പാത്ത് കച്ചവടക്കാരോ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക;

22. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന കടകളിൽ 'ഇവിടെ മദ്യ-ലഹരി വസ്തുക്കൾ വിൽക്കപ്പെടുന്നതല്ല' എന്ന ബോർഡ് പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകുക;

ഭാവിതലമുറ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ആസക്തിയിലേക്ക് വരുന്നത് തടയേണ്ടത് അനിവാര്യമായതിനാൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധചെലുത്തേണ്ടത് സ്കൂൾ കുട്ടികളെ കേന്ദ്രീകരിച്ചാകണമെന്ന് സമിതി നിർദ്ദേശിച്ചു. മദ്യാസക്തി വർദ്ധിക്കുന്നത് തടയുന്ന തിനായി എക്സൈസ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ഒരു മാർഗ്ഗരേഖയുണ്ടാക്കി അതിന്റെ അടിസ്ഥാനത്തിൽ ലഹരിവിരുദ്ധ കമ്മിറ്റികൾ എല്ലാ സ്കൂളുകളിലും രൂപീകരിച്ച് മദ്യാസക്തിക്കെതിരെ പ്രചരണം നടത്തണമെന്നും മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഇല്ലായ്മ ചെയ്യുന്നതിന് മദ്യവിരുദ്ധ സംഘടനകൾ, കൗൺസിലേഴ്സ്, ചൈൽഡ് സൈക്യാട്രി രംഗത്ത് പ്രവർത്തിക്കുന്നവർ എന്നിവരുടെ അഭിപ്രായം ആരായണമെന്നും സമിതി നിർദ്ദേശിച്ചു.

പ്രശസ്ത ഡോക്യുമെന്ററി സംവിധായകനായ ശ്രീ. വേണുനായരെ മദ്യാസക്തി ക്കെതിരായ പ്രചരണം സംബന്ധിച്ച് ഡോക്യുമെന്ററി നിർമ്മിക്കാൻ ചുമതലപ്പെടുത്തിയ തായി യോഗാദ്ധ്യക്ഷൻ അറിയിച്ചു.

നിയമസഭാ സമ്മേളനത്തിനുശേഷം മദ്യാസക്തിക്കെതിരായ പ്രചരണം സംബന്ധിച്ച് കൊച്ചിയിൽവച്ച് നടത്തുന്ന യോഗത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള പൊതുജനങ്ങളിൽനിന്നും മദ്യവിരുദ്ധ പ്രചരണരംഗത്തും സാമൂഹ്യസേവന രംഗത്തും പ്രവർത്തിക്കുന്നവരിൽനിന്നും അപേക്ഷ ക്ഷണിച്ച് അവരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെ ഉൾപ്പെടുത്തി ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായാൻ തീരുമാനിച്ചത് സംബന്ധിച്ച് പത്രക്കുറിപ്പ് നൽകുവാൻ സമിതി നിർദ്ദേശിച്ചു.

സമിതി വൈകുന്നേരം 4.00-ന് യോഗം പിരിഞ്ഞു.

## 8. 11-12-2012-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII 2012 ഡിസംബർ 11-ാം തീയതി ചൊവ്വാഴ്ച സഭ പിരിഞ്ഞതിനുശേഷം വൈകുന്നേരം 4.50 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '5-ഡി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീ. വി. ചെന്താമരാക്ഷൻ, എം. എൽ. എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, ,,
3. ശ്രീ. മുല്ലക്കര രത്നാകരൻ, ,,
4. പ്രൊഫ. സി. രവീന്ദ്രനാഥ്, ,,
5. ശ്രീ. വി. ഡി സതീശൻ, ,,
6. ഡോ. ടി. എം. തോമസ് ഐസക്, ,,
7. ശ്രീ. എം. പി. വിൻസെന്റ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി.

2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി.

3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സി. പി. രാമരാജപ്രേമപ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്.

2. ശ്രീ. സി. കെ. പത്മാകരൻ, സ്പെഷ്യൽ സെക്രട്ടറി, നിയമവകുപ്പ്.

3. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

4. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

5. ശ്രീമതി കമലാബായി ടി. വി., ജോയിന്റ് കമ്മീഷണർ (നിയമം) വാണിജ്യ നികുതിവകുപ്പ്.

2012 ഡിസംബർ 11-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസംതന്നെ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്ത '2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ബിൽ' സമിതി ഖണ്ഡംഖണ്ഡമായി പരിഗണിച്ച് വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡം 4

ഖണ്ഡം 4 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"4. കുറ്റങ്ങൾ കോഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതല്ലാത്തതും ആയിരിക്കുമെന്ന്.—ഈ ആക്റ്റ് പ്രകാരമുള്ള ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതല്ലാത്തതും ആയിരിക്കുന്നതാണ്.".

ഖണ്ഡം 9

ഖണ്ഡം 9 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"9. ശിക്ഷ.—(1) 1958-ലെ കേരള പണം കടംകൊടുപ്പുകാർ ആക്റ്റിൽ (1958-ലെ 35) എന്തുതന്നെ അടങ്ങിയിരുന്നാലും,—

(എ) 3-ാം വകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിൻമേൽ, മൂന്നുവർഷം വരെയാകാവുന്ന കാലത്തേക്കുള്ള തടവിനും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതും ;

(ബി) ഏതെങ്കിലും വായ്പ ഈടാക്കുന്നതിലേക്കായി ഏതെങ്കിലും അധമർണ്ണനെ മാനസികമായോ ശാരീരികമായോ പീഡിപ്പിക്കുകയോ അങ്ങനെ പീഡിപ്പിക്കുന്നതിന് പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ, ഒരുവർഷം വരെയാകാവുന്ന കാലത്തേക്കുള്ള തടവിനും പതിനായിരം രൂപ വരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതും ;

ആകുന്നു.

(2) വായ്പ നൽകിയ ആളോ അയാളുടെ നിർദ്ദേശപ്രകാരം മറ്റേതെങ്കിലും ആളോ അധമർണ്ണനെ മാനസികമായോ ശാരീരികമായോ പീഡിപ്പിക്കുകയും തത്ഫലമായും, അതിനെ തുടർന്നും അധമർണ്ണൻ ആത്മഹത്യ ചെയ്യുകയും ചെയ്യുന്നിടത്ത്, വായ്പ നൽകിയ ആൾ, കുറ്റസ്ഥാപനത്തിൻമേൽ, അഞ്ചുവർഷം വരെയാകാവുന്ന കാലത്തേക്കുള്ള തടവിനും അൻപതിനായിരം രൂപവരെയാകാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടേണ്ടതാണ്.".

ഡോ. ടി. എം. തോമസ് ഐസക്, പ്രൊഫ. സി. രവീന്ദ്രനാഥ്, സർവ്വശ്രീ മുല്ലക്കര രത്നാകരൻ, വി. ചെന്താമരാക്ഷൻ, കോവൂർ കുഞ്ഞുമോൻ എന്നീ അംഗങ്ങൾ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതിയോഗം വൈകുന്നേരം 5.25-ന് പിരിഞ്ഞു.

## 9. 13-12-2012-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII 2012 ഡിസംബർ 13-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞതിനുശേഷം ഉച്ചകഴിഞ്ഞ് 3.00 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '5-സി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി, എം.എൽ.എ.
2. ശ്രീ. കോവൂർ കുഞ്ഞുമോൻ, ,,
3. ശ്രീ. എം. പി. വിൻസെന്റ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി.
2. ,, തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി എസ്. ഷാഹിന, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സി. പി. രാമരാജപ്രേമപ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്.
2. ശ്രീ. എ. അജിത് കുമാർ, സെക്രട്ടറി, നികുതിവകുപ്പ്.
3. ശ്രീ. സി. രഘു, ഐ. ജി., രജിസ്ട്രേഷൻ.
4. ശ്രീ. കെ. ആർ. വിവേകാനന്ദ്, ഇൻസ്പെക്ടർ ജനറൽ (മോഡേണൈസേഷൻ).
5. ശ്രീ. എൻ. കെ. ശിവദാസൻ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ.

6. ശ്രീ. എ. ഷാജി, അഡീഷണൽ സെക്രട്ടറി, നികുതിവകുപ്പ്.

7. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.

8. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

2012 ഡിസംബർ 13-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് വരുകയും ചെയ്ത '2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ' സമിതി ഖണ്ഡംഖണ്ഡമായി പരിഗണിച്ച് വിശദമായി ചർച്ച ചെയ്യുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 3

ഖണ്ഡം 3-ൽ, (5)-ാം ഉപഖണ്ഡത്തിൽ,—

(1) (എ) ഇനത്തിൽ,—

(i) പ്രാരംഭ വാചകത്തിനുപകരം താഴെപ്പറയുന്ന വാചകം ചേർക്കുക:

"തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്തതോ, ആയതും അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗമായിരുന്ന ഒരാൾക്ക് അയാൾ അംശദായം അടച്ച വർഷങ്ങളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ നിശ്ചിതതുകയും പെൻഷനും നൽകുന്നതിന്;"

(ii) വിശദീകരണം 1-ൽ "പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച്" എന്നീ വാക്കുകൾക്കു പകരം "പെൻഷൻ ആനുകൂല്യത്തിനുള്ള അർഹത സംബന്ധിച്ച്" എന്നീ വാക്കുകൾ ചേർക്കുക;

(2) (ജെ) ഇനത്തിനു ശേഷം താഴെപ്പറയുന്ന വിശദീകരണം ചേർക്കുക:

"വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതിയിൽ അംഗമായിരുന്ന ഒരാൾ പ്രസ്തുത ക്ഷേമനിധിയിലേക്ക് അയാൾ അടച്ചിട്ടുള്ള അംശദായവും അംശദായം അടച്ച വർഷങ്ങളുടെ എണ്ണവും കൂടി കണക്കിലെടുക്കേണ്ടതാണ്."

ഖണ്ഡം 5

ഖണ്ഡം 5-ൽ, (1)-ാം ഉപഖണ്ഡത്തിലെ പ്രാരംഭവാചകത്തിനുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, 1991-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി പദ്ധതി പ്രകാരമുള്ള ഫണ്ട് 30-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന

പക്ഷം അങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്ന തീയതി മുതൽ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ നിധിയിലെ അംഗങ്ങളായി കരുതപ്പെടേണ്ടതാണ്."

ഖണ്ഡം 30

ഖണ്ഡം 30-ൽ (2)-ാം ഉപഖണ്ഡത്തിൽ "അത്തരം പദ്ധതികൾ" എന്നീ വാക്കുകൾക്കു പകരം "പ്രസ്തുത പദ്ധതി" എന്നീ വാക്കുകൾ ചേർക്കുക.

പട്ടിക

പട്ടികയിലെ 18-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:

"18. തൊഴിൽ അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയിട്ടുള്ള അംഗങ്ങൾക്ക് അംശദായം അടച്ച വർഷത്തിന്റെ എണ്ണം അടിസ്ഥാനപ്പെടുത്തി അംഗങ്ങൾക്ക് നിധിയിൽനിന്നും നൽകാവുന്ന തുകയുടെയും പെൻഷന്റെയും നിരക്ക് ക്രമീകരിക്കൽ."

സമിതിയോഗം വൈകുന്നേരം 5.00-ന് പിരിഞ്ഞു.

## 10. 11-2-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII 2013 ഫെബ്രുവരി 11-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 3.10 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '5-ബി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ എക്സ്-ഒഫീഷ്യോ അംഗം ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ

1. ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ.
2. ശ്രീ. വി. ഡി. സതീശൻ, ,,
3. ശ്രീ. എം. പി. വിൻസെന്റ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
2. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

3. ശ്രീ. സി. രഘു, ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ.

4. ശ്രീ. എൻ. കെ. ശിവദാസൻ, ജോയിന്റ് ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ.

11-2-2013-ന് സഭയിൽ അവതരിപ്പിക്കുകയും സഭ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്ത '2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി)ബിൽ' സമിതി ഖണ്ഡംഖണ്ഡമായി പരിഗണിക്കുകയും ഭേദഗതികൂടാതെ അംഗീകരിക്കുകയും ചെയ്തു.

ശ്രീ. മുല്ലക്കര രത്നാകരൻ, എം.എൽ.എ. ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി ഉച്ചയ്ക്ക് ശേഷം 3.25-ന് യോഗം പിരിഞ്ഞു.

## 11. 14-2-2013-ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII 2013 ഫെബ്രുവരി 14-ാം തീയതി വ്യാഴാഴ്ച സഭ പിരിഞ്ഞശേഷം രാത്രി 7.50 മണിക്ക് നിയമസഭാ കോംപ്ലക്സിലെ '4-ബി' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. വി. ചെന്താമരാക്ഷൻ, എം.എൽ.എ.
2. ശ്രീ. മുല്ലക്കര രത്നാകരൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. കെ. ഉദയകുമാർ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. സി. പി. രാമരാജപ്രേമപ്രസാദ്, സെക്രട്ടറി, നിയമവകുപ്പ്.
2. ശ്രീമതി എസ്. ഗിരിജാദേവി, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
3. ശ്രീ. എം. ചന്ദ്രദാസ്, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.
4. ശ്രീ. അബ്ദുൾ വാഹിദ്, അഡീഷണൽ സെക്രട്ടറി, നികുതിവകുപ്പ്.
5. ശ്രീ. കെ. എസ്. മധുസൂദനൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

2013 ഫെബ്രുവരി 14-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും സഭ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്ത '2012-ലെ കേരള

ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യസംരക്ഷണബിൽ' സമിതി ഖണ്ഡംഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. തത്വപ്രഖ്യാപന വാകൃത്തിൽ ''അറുപത്തിമൂന്നാം'' എന്ന വാക്കിനു പകരം "അറുപത്തിനാലാം" എന്ന വാക്ക് ചേർക്കുക.

2. ഖണ്ഡം 1(1)-ലെ ചുരുക്കപ്പേരിൽ "2012" എന്ന അക്കങ്ങൾക്ക് പകരം "2013" എന്ന അക്കങ്ങൾ ചേർക്കുക.

സർവ്വശ്രീ വി. ചെന്താമരാക്ഷൻ, എം.എൽ.എ., മുല്ലക്കര രത്നാകരൻ, എം.എൽ.എ. എന്നിവർ ബില്ലിൻമേൽ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി രാത്രി 8.05-ന് യോഗം പിരിഞ്ഞു.

---